
# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 6 ലക്കം 3 പേജുകൾ 38 ജൂൺ 2025



കഥ

കവിത

ലേഖനം

കാർട്ടൂൺ കേരളം

## കാൻസർ അനുഭവം.. അനുഗ്രഹം

ഡോ. ലൂസി മാത്യു പാറക്കുളങ്ങര

# JOS ALUKKAS

A TRADITION OF FINE JEWELLERY




*T&C Apply

**DIAMOND**

25% വരെ ഡിസ്കൗണ്ട്

**GOLD**

വിവാഹ പർച്ചേസുകൾക്ക്
2.99% മുതൽ പണിക്കൂലി

**PLATINUM**


15% പണിക്കൂലിയിൽ ഡിസ്കൗണ്ട്

5% മുതൽ ആരംഭിക്കുന്ന അഡ്വാൻസ് ബുക്കിംഗ്

പഴയ സ്വർണം എക്സ്ചേഞ്ച് ചെയ്ത് HUID സ്വർണമാക്കു ആകർഷകമായ ആനുകൂല്യങ്ങളോടെ

Round East, **THRISSUR.** Ph: 0487-2331812

Shop at **josalukkasonline.com**





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**




**ഡോ**ക്ടർ ലൂസി മാത്യു പാറക്കുളങ്ങരയും ജോയ് തോമസും ചേർന്ന് എഴുതിയ 'വി ആർ ബ്ലെസ്ഡ് വിത്ത് കാൻസർ' എന്ന പുസ്തകം ഈ ലക്കത്തിൽ പരിചയപ്പെടുത്തിയിട്ടുണ്ട്. ക്യാൻസർ ഞങ്ങൾക്ക് അനുഗ്രഹമായി എന്ന പരിഭാഷ പുസ്തകത്തിന്റെ പുറംചട്ടയിൽ ചേർത്തിട്ടുള്ളത് തെല്ല് വിസ്മയത്തോടെയല്ലാതെ വായിക്കാനാകില്ല. മാരകരോഗം എന്ന കുപ്രസിദ്ധിയിൽ അഹങ്കരിക്കുന്നതിനെ നിസ്സാരവത്കരിക്കുന്ന ടൈറ്റിൽ പുസ്തകത്തിന് നൽകിയത്, പുസ്തക വായനയിലേക്ക് ആരെയും ക്ഷണിക്കും.


പുസ്തകത്തിന്റെ ഏറെ ഭാഗവും ഡോക്ടർ ലൂസി തന്റെ ജീവിതമെഴുതിയ ഏടുകളാണ്. അവരുടെ മരണശേഷം ജോയ് തോമസ് ചില അധ്യായങ്ങൾ കൂടി എഴുതി ചേർക്കുകയായിരുന്നു. ഉടൻ മരണകാരണമാകാത്ത ക്യാൻസർ പോലെയുള്ള രോഗങ്ങൾ ബാധിക്കുന്നവരുടെ ശിഷ്ടജീവിതം എങ്ങനെയായിരിക്കും എന്ന് നമുക്ക് ഊഹിക്കാനാകും. എന്നാൽ ആ അവസ്ഥയും സമചിത്തതയോടെ അഭിമുഖീകരിച്ച ചിലരുടെയെങ്കിലും ജീവിതം ഇന്ന് വായിക്കപ്പെടുന്നുണ്ട്. പക്ഷേ ഒരാളുടെ മരണത്തിന് കാരണമാകുന്ന ക്യാൻസർ തങ്ങൾക്ക് അനുഗ്രഹമായി എന്ന് ഡോക്ടർ ലൂസി മാത്രമേ പറഞ്ഞിരിക്കൂ.

സഹനം ചോദിച്ചു വാങ്ങുന്നത്ര വിശുദ്ധ ജീവിതം നയിച്ചവരല്ല തങ്ങളെന്ന് ഡോക്ടർ ലൂസി എഴുതുന്നുണ്ട്. ജീവിതത്തെയും മരണത്തെയും യാഥാർത്ഥ്യ ബോധത്തോടെ നോക്കി കണ്ടു എന്നതത്രെ അവരെ വ്യത്യസ്തയാക്കുന്നത്. ക്യാൻസർ രോഗം അതിജീവിച്ചവർ തയ്യാറാക്കിയ കുറിപ്പുകളും അനുഭവങ്ങളും കഥകളും നാം വായിച്ചിട്ടുണ്ടാകാം. എന്നാൽ ഈ പുസ്തകം നമ്മെ മറ്റൊരു തലത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. യാഥാർത്ഥ്യബോധത്തിന്റെ, ശാസ്ത്ര ബോധത്തിന്റെ, ഒപ്പം ആത്മീയതയുടെതുമായ മറ്റൊരു തലം. കോട്ടയത്തെ ടെൽ മീഡിയ ആണ് പുസ്തകത്തിന്റെ പ്രസാധകർ. ഫോൺ: 8590041731

**-സി.ആർ.രാജൻ,**
എഡിറ്റർ

# കാർട്ടൂൺ കേരളം



എം.ആർ. ബാലചന്ദ്രൻ

# അകത്താളുകളിൽ


## കഥ

ദർശന .............................. പേജ് 14
കൃഷ്ണകുമാർ മാപ്രാണം ...... പേജ് 18
സലീന സലാവുദീൻ ............ പേജ് 23
അജീഷ്മോൻ.................... പേജ് 26
അനിൽ മണ്ണത്തൂർ.............. പേജ് 27

## ലേഖനം

ഐശ്വര്യ ഭൂമിക ................... പേജ് 28
നുഷറ സി.എച്ച് ................. പേജ് 29

## കാർട്ടൂൺ

എം.ആർ.ബാലചന്ദ്രൻ ........... പേജ് 4

## പുസ്തകപരിചയം

ജോയി തോമസ്. ................. പേജ് 34
ഡോ. വരുൺ രാജൻ ........... പേജ് 37

## കുട്ടികളുടെ മഷിപ്പച്ച .. പേജ് 30

## കവിത

സുഭാഷ് പോണോളി .............. പേജ് 6
ഹാജറ കെ.എം. .................... പേജ് 7
കെ.സന്തോഷ് ..................... പേജ് 8
നിബിൻ കള്ളിക്കാട്............. പേജ് 9
രേഖ സി.ജി. ...................... പേജ് 10
ഡോ. പി.സജീവ്കുമാർ ......... പേജ് 11
ഷഫീന സൈത്തൂൻ............. പേജ് 12
ശ്രീജ വിധു ........................ പേജ് 13







കവിത

# ഘടികാരസൂചികൾ



സുഭാഷ് പോണോളി.

അച്ഛനുണരാതെ എന്നന്നെയ്ക്കുമായ്
ഉറങ്ങിപ്പോയ നട്ടുച്ചയിലാണ്
ഒരു വെയിൽപ്പുഴ കത്തിയടർന്ന് നെഞ്ചിൽ
പതിച്ചതും,
ഭൂമി പിളർന്ന് രണ്ടായതും,
ഞാൻ മനുഷ്യരില്ലാ ത്തുരുത്തിൽപ്പെട്ടതും.

ഒരു കടന്നൽ കൂട്ടം
വട്ടമിട്ടെന്റെ സിരകളിലെ രക്തവും,മജ്ജയു
മൂറ്റിയത്,

നിൽക്കക്കള്ളിയുടെ
നൂൽപ്പാലമൊഴിഞ്ഞ് ,
ഇലകൾ കൊഴിഞ്ഞ്,
ജനിച്ചമണ്ണ് നിർജ്ജലീകരിച്ച്,
എന്റെ കുരുതിയ്ക്ക്
കളംവരച്ചതും.

പിഴവുകളുടെ പഴികൾകൊണ്ട് കൈകളിൽ
വിലങ്ങിട്ടെന്റെ വിശ്വാസങ്ങൾ വിതുമ്പി വെ
റുങ്ങലിച്ചത്.

അന്യനാക്കപ്പെട്ട
അനാഥന്റെ ചങ്കിലെ ഉഷ്ണച്ചെടികളിൽ
സമയഘടികാര മുഴക്കങ്ങൾ
മഞ്ഞപ്പൂക്കളായി വിടർന്നത്.

പനിക്കിടക്കയിലെ
മാർദ്ദവമറ്റ വിരിയിലെ
മൃതിച്ചിറകുള്ള പക്ഷിയുടെ
ജ്വലിച്ചകണ്ണിലെ രൗദ്രം അർധമയക്കത്തിലെ
ന്നെ നരകക്കാറ്റിലെറിയുന്നു.

വിശന്ന വിശറികൊണ്ടെന്റെ
വിയർപ്പുതുള്ളികൾ ബലിജാലകത്തിനുപ്പു
റത്ത് മൃതികടാക്ഷത്തിന് കൂട്ടിരിയ്ക്കുന്നു.

വീണ്ടുമെരിഞ്ഞെത്തുന്ന ഓർമ്മത്തീവണ്ടി
കൾ നിർത്താൻ സ്മൃതിനിലയങ്ങളില്ലാതെ
കുതിച്ചുപായുന്നത്
രാത്രിയുടെ ഉൾപ്പാതകളിൽ നിന്ന് വിലാപ
ക്കരയിലെ സങ്കടതുരുത്തിലേയ്ക്കുതന്നെ....



# പൂർണ്ണമാവാത്തത്

ഒരിക്കലും ഒരുമിക്കാത്ത
പ്രണയത്തിന്റെ തീവ്രത
ഭയാനകമാണ്
പാതിക്കു വച്ചു നിർത്തിയ
വാക്കുകൾ
ശാന്തി കിട്ടാത്ത ആത്മാവുപോലെ
അലഞ്ഞു തിരിയുന്നുണ്ടാവും


ഹാജറ കെ എം

കണ്ണുകളിലെ ആഴക്കടലിൽ
ഇനിയും ബാക്കിയുണ്ടായിരുന്ന
പ്രണയത്തിര
ഇടയ്ക്കിടെ വന്ന് നെഞ്ചിനുള്ളിൽ
ആർത്തിരമ്പുന്നുണ്ടാവും

കട്ടെടുത്ത ചുംബനത്തിന്റെ
അതിമധുരം
കളറയ്ക്കുള്ളിൽ
നെടുവീർപ്പുകൾ നിറച്ചു കൊണ്ടിരിക്കും

ഒന്നായ് നടന്ന വഴികളിലൊക്കെ
ബാക്കിവച്ചു പോയ കഥകൾ
പൂർണത കിട്ടാതെ
ശൂന്യതയിലേക്ക് സ്വയമലിഞ്ഞു പോയിട്ടുണ്ടാവും



ഒരുമിച്ചു കണ്ട സ്വപ്നങ്ങളൊക്കെ
വഴിതെറ്റിയ നിശാശലഭങ്ങൾ
പോലെ
അനന്തതയിലേക്ക്
പറന്നകന്നിട്ടുണ്ടാവും

എത്ര മറന്നാലും
ഓർമപ്പെടുത്താൻ
എന്നും എന്തെങ്കിലും
എവിടെയെങ്കിലും
അടയാളപ്പെട്ടു കിടക്കുന്നുണ്ടാവും -

ഒരുമിക്കാൻ കഴിയാത്ത
പ്രണയത്തിന് അത്രയേറെ
തീവ്രതയുള്ളതു കൊണ്ടല്ലേ
ഒരിക്കലും അണഞ്ഞു പോവാത്തത് .”....

# നിൽപ്പ് സമരം




കെ. സന്തോഷ്

എന്തിനാണ്,
മരങ്ങളായ മരങ്ങളൊക്കെയും
രാപ്പകലില്ലാതെ ഇങ്ങനെ
ഒരേ നിൽപ്പ് നില്ക്കുന്നത്!..

അവർ
ഏത് അവകാശ സമരത്തിലാണ്?

വേരുകൾ,
ക്ഷമയുടെ കരിമ്പാറക്കെട്ടുകൾ തുരന്നല്ലോ,
മുഷ്ടി ചുരുട്ടി ആകാശത്തിലേക്കുയർത്തിയ
ശിഖരങ്ങളിൽ
പന്നലുകൾ മൂടിയല്ലോ.



കാറ്റ് പകർത്തുന്നുണ്ട്
ഒച്ച നിലച്ചവരുടെ മുദ്രാവാക്യങ്ങൾ...

മണ്ണ് വായിക്കുന്നുണ്ട്
നിറം കെട്ട്,
താഴേക്ക് പതിച്ച ഇലകളിൽ നിന്നും
ഐക്യപ്പെടലിന്റെ ചുവരെഴുത്തുകൾ.

അന്ധർ ആനയെ കണ്ട കഥകേട്ട്
നമ്മൾ ഉറക്കറയിലേക്ക്...

മരങ്ങൾ അതേ നിൽപ്പ് തുടരുന്നു.
പക്ഷെ,
അവർ ഇപ്പോഴും പൂവിടുന്നുണ്ടല്ലോ!
തണലൊരുക്കുന്നുണ്ടല്ലോ!
കപടമാണോ അവരുടെ സമരങ്ങൾ?

പൂക്കളുടെ നെഞ്ചുരുക്കങ്ങളാണ്
അവ കരുതിവെയ്ക്കുന്ന മധുരമെന്ന്
ആരും ലോകത്തെ
ഇതുവരെ പഠിപ്പിക്കാത്തതെന്തുകൊണ്ടാണ്?..

# കടലച്ഛൻ



നിബിൻ കള്ളിക്കാട്

രണ്ടുകൂട്ടുകാർ നാം പരസ്പരം കൈ
കോർത്തു കടലുകണ്ടിരിക്കുമ്പോൾ
തൊട്ടപ്പുറമൊരു കുട്ടിയാ തീരത്തിൽ
കടലമ്മ കള്ളിയെന്നെഴുതിയകലുന്നു ,

എത്രപെട്ടെന്നുയർന്നൂ കടലല വന്നു
മായ്ക്കുന്നവിടെയെഴുതിയ വാക്കുകൾ,
അക്കാഴ്ച്ച കണ്ടതും നാം തമ്മിലിങ്ങനെ
സംശയിപ്പൂ കടലിന്റെ ലിംഗനിർണ്ണയം

ആഴമെല്ലാം നിശബ്ദം വഹിക്കവേ
ക്ഷോ ിതമാക്കും കാറ്റിന്നൊഴുക്കിലും
പൊള്ളിനീറി തിളപ്പിച്ച വെയിലിലും
വെന്തുരുകുമുള്ളമലിയുന്നതാകയാൽ,

ദൂരെനിന്നുനാമുണ്ണും ഗർവ്വിന്നപാരമാം
സ്വച്ഛവിഹാരമാം അലകൾക്കുള്ളിലും
സ്നേഹമൊളിപ്പിച്ചയാഴമോർക്കാതെ
കടലിന്നെങ്ങനെ സ്ത്രീലിംഗമായത്

നല്ലതൊന്നുമുണ്ണാതെയെടുക്കാതെ
നേരമിരമ്പിയെല്ലാം തീരത്തണയ്ക്കവേ
കാതുകൂർപ്പിക്കൂ തൻ നേർത്തകിനാവും
ചേർത്തഴിക്കുമച്ഛന്റെ വിരുതുപോൽ

കണ്ണുനീരുപ്പിനെയറിയാതൊളിപ്പിയ്ക്കും
തൊട്ടുരുചിയ്ക്കും നിമിഷങ്ങളെത്തവേ
നോക്കൂയകക്കണ്ണാൽ രുചിനോക്കൂ
കടലിനച്ഛന്റെ പലസാമ്യമാണിന്നും ,

കടുനിറമിരുളിനെ കീറിമുറിച്ചൊരു നിലാ -
വെട്ടത്തിലൂന്നിയെത്തുന്ന ബന്ധനം
വേലിയേറ്റത്തിൽ കാലിടറാതെ വാർദ്ധക്യ -
വേലിയിറക്കത്തിലാഴ്ന്നയിരമ്പലായി ,

ഉള്ളിലെത്രജീവന്റെ ജീവിതം പേറുവാൻ
ശിഷ്ടകാലങ്ങളിലൊഴുകി തുലയവേ
അമ്മയെന്നതിനർദ്ധത്തിനപ്പുറമെത്രയോ
സഹനനിശബ്ദമാർക്കും നിമിഷാന്തരം

അറ്റുതീരും വരെ തീരത്തെ മോഹിച്ച
ജന്മശാപം കൊണ്ട ചക്രവാളം പോലും
നിത്യവും പരാജിതനായി തപം ചെയ്യേ -
പൂർവ്വജന്മവും പുരുഷാർദ്ധമായപോൽ

എത്രദൂരത്തിലാകുന്നുവോ സ്വപ്നങ്ങൾ
അത്രമേലാഴത്തിലാഴ്ത്തുന്ന ദുഃഖങ്ങൾ
ഇന്നുമതിനുള്ളിലൊരു മൂകനിശ്വാസ
രാഗത്തിലമറുന്ന മൂളലിൻ ശ്വാസങ്ങൾ

ജീവിതച്ചുഴിയിലെ ജന്മത്തിലോർമ്മയും
പിടയുന്നതാരാരും അറിയാതിരിക്കുവാൻ
അധരത്തിലൊരു വിറചിരിയാലേ പെരുമഴ -
കൊണ്ടുടൽ നിറവിരുന്നൂട്ടും മഴവില്ലുകൾ ,

തിരപോലെയഴലിന്റെ പെരുമഴയേറ്റിട്ടും
ജലം നിറയ്ക്കവേയുള്ളമിടിയ്ക്കാതെ
കരുതലിന്നതിനുള്ളിൽ ശ്വാസം നിറഞ്ഞവ
മയക്കത്തിൽ ജീവനോടുണരുമ്പോൾ


എന്നുമോരോ പുലരിക്കു പിറവിയ്ക്കായി
വെന്തുതീർന്നൊടുങ്ങുന്ന നിറസന്ധ്യയ്ക്കും
നെഞ്ചിടിപ്പിനുള്ളത്തിലോരോ മിടിപ്പുകൾ
ശാന്തി മാത്രമേകുന്നതോർക്കയാൽ ,

രണ്ടുകൂട്ടുകാർ നാം പരസ്പരനോട്ടത്തിൽ
കൈകളെ ചേർത്തീ കടലുകാണുമ്പോഴും
എന്റെ കൈയ്യിലമരുന്നു പുത്രദുഃഖത്തിൻ
നഷ്ടത്തിനാഴമോ ദുഃഖത്തിനുപ്പുപോൽ

എത്രപെട്ടെന്നു നാം നിർണ്ണയിക്കുന്നു
ജല ലിംഗഭേദത്തിന്റെ മാറ്റവുമാഴവും
എത്രകാലം കഴിഞ്ഞു നാം വിളികേൾക്കും
കടലച്ഛനെന്ന നാമത്തിലീ പെരുങ്കടലിനെ...!



# നീയതവളോട് ചോദിക്കരുതായിരുന്നു.



നീയതവളോട് ചോദിക്കരുതായിരുന്നു.
ഇത്രമേൽ കൂട്ടായിട്ടും എന്തുകൊണ്ടാണ്
അത്രമേൽ അകന്നതെന്ന്.

യാതനകളുടെ പറുദീസയിൽ നിന്നുയർന്ന
ചൊല്ലുവിളികളിൽ ഒളിഞ്ഞിരിക്കുന്ന
നിലവിളി നീ അറിഞ്ഞില്ലല്ലോ

ആകാശത്തിലെ മഴയ്ക്കൊപ്പം ചോരുന്ന
കണ്ണീർ കടലിൽ മുത്തുവാരാൻ
പോകുന്നവരുടെ കൂകുവിളിയും നീ കേട്ടില്ല.

ഒറ്റയ്ക്കൊറ്റയ്ക്കാകുമ്പോൾ
കണ്ണിൽ പൂക്കുന്ന കനലുകൾ
മേലേരിയെക്കാൾ
പൊള്ളലേൽപിക്കുന്നുവെന്ന് മനസിലാക്കിയില്ല.

നീയെന്നോ അവളെന്നോയല്ല
നമ്മുടെയെന്ന് എഴുതിയത്
തിരവന്ന് മായ്ച്ചു കളഞ്ഞപ്പോൾ
ഒട്ടും പ്രതിഷേധിക്കാതെ തിരിഞ്ഞു
നടക്കുകയായിരുന്നില്ലേ.

ഒറ്റ പ്രതിഷ്ഠയായിട്ടും എങ്ങിനെയാണ്
മൂന്ന് ദേശങ്ങളായി വിഭജിച്ചുപോയതെന്ന്
മനസിലാകുന്നതേയില്ല.

കാരണമറിയാത്ത ഒരു ചോദ്യത്തിന്
ഉത്തരത്തിലേയ്ക്കുള്ള വഴിയുടെ
വലിപ്പമറിയാതിരിക്കാൻ
നീയതവളോട് ചോദിക്കരുതായിരുന്നു.



രേഖ സി.ജി

# കുറ്റവും ശിക്ഷയും



ഒരു വേദിയിലും
അയാൾ വിദ്വേഷ പ്രസംഗം നടത്തിയതായി
ചാനലുകളിൽ ബ്രേക്കിംഗ് ന്യൂസുകളുണ്ടായില്ല,
ഒരു തരത്തിലുള്ള ആരോപണവും
സമൂഹത്തിന്റെ വിവിധ കോണുകളിൽ നിന്ന്
അയാൾക്കെതിരെ ഉണ്ടായില്ല.
സോഷ്യൽ മീഡിയ ഹാൻഡിലുകൾ,
അയാളിൽ
പൊങ്കാലയിട്ടതേയില്ല.
ൂമി മലയാളത്തിലെ
ഒരു പൊലീസ് സ്റ്റേഷനിലും
നിയമലംഘനത്തിനോ,
കുറ്റകൃത്യങ്ങൾക്കോ
അയാളുടെ പേരിൽ എഫ്.ഐ.ആർ
എഴുതപ്പെട്ടില്ല.
ാരതീയ ന്യായ സംഹിത പ്രകാരം,
ഒരു കോടതിയിലെ ന്യായാധിപനും
അയാളിൽ ശിക്ഷ വിധിക്കാൻ
ന്യായദണ്ഡ് ചലിപ്പിച്ചതേയില്ല
എന്നിട്ടും
മനസ്സിന്റെ കോടതിയിൽ
അയാൾ ,
തന്നെ പ്രതിക്കൂട്ടിൽ നിർത്തി,
കുറ്റങ്ങൾ നിരത്തി വാദിച്ചു.
ദയാരാഹിത്യം ,സ്നേഹചോർച്ച,
സാഹോദര്യപാശക്കുറവ്,
അയാളിൽ മനപൂർവ്വമത്രേ!
ആരോ അയാളിലേക്ക്
നുഴഞ്ഞേറുന്നെന്നറിഞ്ഞിട്ടും
അവരെ കീഴടക്കിയില്ലത്രേ!
കപടമതേതര വാദികളും
മുഖംമൂടിയണിഞ്ഞവരും ,
അയാളെ സശ്രദ്ധം
പിന്തുടർന്നിട്ടും,
ക മ ,യെന്നു മിണ്ടിയില്ലത്രേ .
അയാളുടെ മസ്തിഷ്കം,
ജനാധിപത്യ വിരുദ്ധചിന്തകളുടെയും
അസഹിഷ്ണുതയുടെയും
വിളനിലമത്രേ!

പിന്നെയോ?
സ്വയം നിർമ്മിച്ച തടവറയിലേറാൻ
അയാൾ തന്നെ ശിക്ഷ വിധിച്ച്,
നന്നാവാൻ, നാളുകൾ എണ്ണി , എണ്ണി
ഏറെക്കാലം
വനവാസം നോറ്റിരുന്നു.
ഇന്ന് അയാൾ
അയാളെ മോചിപ്പിച്ചു.
തിരുത്തൽ പൂർണ്ണമായോയെന്ന്
അപ്പോഴും ആശങ്കയുടെ നിഴലുദിച്ചു.

നിങ്ങളുടെ അവസ്ഥ എന്താവോ?
ചുറ്റിലും രാത്രിയിലെ കൂരിരുട്ടോ?
അതോ ,പനിമതിയുടെ തലോടലോ ?



ഡോ. പി. സജീവ്കുമാർ

# മണ്ണ് പോലൊരൊള്ളൊര് പെണ്ണ്



ഷഫീന സൈത്തൂൻ



മണ്ണോളം താഴണം
പെണ്ണെന്ന പഴമൊഴി
പിന്നിപ്പിന്നി ഓത്തുപള്ളീന്ന് പോരുന്നേരത്ത്
തീണ്ടാരിയായി
പെണ്ണ്
മണ്ണിലാകെ ചോരപ്പൂവീശി

പഴമയില്
പതിര്
തോണ്ടിത്തോണ്ടി
മേപ്പോട്ട് നോക്കാതെയവള്
കണ്ണ്
ഭൂമാറില് പതിച്ച്
വെച്ച്

മാറത്തടുക്കിയ
പുസ്തകക്കെട്ടില്
കൈത്തലം പെണച്ച് വെച്ചവള്
വഴിതെറ്റാതെ
കൗമാരം തിന്ന്

പീടികത്തിണ്ണേല്
കൊത്തിപ്പറിക്കണ
കണ്ണീന്നവള്
ചാടിപ്പോയപ്പോ
ആണുങ്ങളായ ആണുങ്ങളൊക്കെ
പിൻഭാഗം നോക്കി ബീഡി തൊറുത്ത്

പെരുമഴക്കാലത്ത്
പാവാടച്ചുരുളൊക്കെ
പേടിച്ചിട്ട്
കണങ്കാലില്
പൊതിഞ്ഞ് കെടന്ന്

നെഞ്ചത്തൊരുതുണ്ട്
തുണി മൂടീട്ടവള്
മുറ്റമടിച്ചിട്ട് തൊടീലെറങ്ങി
ചാമ്പയ്ക്ക നുള്ളുന്നേരം
കരക്കാര്
പെണ്ണുങ്ങള്
കുളക്കടവില്
കൂട്ട് വിളിച്ച്

തൊട്ടിക്കരക്കോവിലീന്നൊള്ള
ഭദ്രകാളിപ്പാട്ട് കേട്ട്
കുളിച്ചോണ്ട് നിക്കുമ്പോ
കൈതക്കാട്ടില് തെയ്യം തുള്ളുമ്പോലൊരനക്കം കേട്ട്
കൈതപ്പൂപോലവള്
വെളറിനിന്ന്

ഈറന് തെറിപ്പിച്ചവള് വീട്ടിലേക്കോടിപ്പോയേപ്പിന്നെ
ഇല്ലിക്കൊളത്തില്
പോയിട്ടൂല്ല
കുളി തെറ്റിച്ചൂല്ല!

# ഇല്ല. ഇതിൽ കൂടുതൽ ഒന്നും....

കവിത

ഞാൻ അവൾക്ക് അവസരം നൽകി
സ്നേഹം നൽകി
ശ്വാസം നൽകി
എന്റെ ലോകവും നൽകി
എന്നുമെന്നും
എന്റേത് മാത്രമാണെന്ന്
അവളുടെ കാതിൽ
കവിളിൽ
നെഞ്ചിൽ
ഉമ്മകളാലെഴുതി.

സ്നേഹത്താൽ
കൂടു കെട്ടിപ്പൊക്കി.
വർണ്ണവും വസന്തവും നിറച്ചു.
മഴവില്ലിനെ ക്ഷണിച്ചു.
ആ കുളിർ പെയ്ത രാവിൽ
അവളുമോതി :
'ഒരുപാട് ഒരുപാട് ഇഷ്ടമാ'

പിന്നീടെപ്പോഴോ
ഞാനറിയാതെ
അവൾ മറ്റൊരു പാത തേടി
അടയാളങ്ങൾ
തുടച്ച് മാറ്റപ്പെട്ടു.
അവളിലേക്കുള്ള വഴിയിൽ
ഞാനറിയാത്ത എന്നെയറിയാത്ത
അവളെപ്പോലെയുള്ള
അല്ലല്ല.. അവൾ തന്നെയായ
മറ്റൊരുവളെ കണ്ടെത്തി.

ആശങ്കയുടെ
ഓരോരോ ചോദ്യങ്ങളുടെ
മറുപടിയ്ക്കൊടുവിലും
അവൾ പറയും :
'ഇതിൽ കൂടുതലൊന്നുമില്ല '

ഇന്ന് ഞങ്ങളുടെ കിടക്കയിൽ
അവളുടെ പ്രേതഗന്ധം മാത്രം
വിശ്വാസത്തിന്റെ ഇരുമ്പ് തൂൺ
വഞ്ചനയുടെ തുരുമ്പിനാൽ തകർക്കപ്പെട്ടു.

നിശബ്ദതയെ ഭേദിച്ചു കൊണ്ട്
അവളുടെ മന്ത്രണങ്ങൾ അട്ടഹാസത്തിന്റെ
പ്രതിധ്വനിയായി അലയടിക്കുന്നു.
പ്രതിജ്ഞകളും മധുരവാക്കുകളും
പ്രളയനദിയിലെ അജ്ഞാതശവങ്ങൾ കണക്കെ
അങ്ങിങ്ങായി
ഒഴുകി നടക്കുന്നു.

അപ്പോളും അവൾ
പിന്നിലേക്ക് നോക്കാതെ
മുന്നോട്ട് നടക്കുകയാണ്

ഞാനിന്ന്,
പൊള്ളയായ ഒരു പൊരുൾ...
തകർന്ന അഭിമാനക്കോട്ടയ്ക്ക്
കാവൽ നിൽക്കുന്ന
ക്ഷീണിച്ച പടയാളി.

ഉള്ളിലെ വിതുമ്പൽ
ഉള്ളിലൊതുക്കി
എല്ലാരോടും ഞാനും പറയുന്നു :
'ഇല്ല.ഇതിൽ കൂടുതൽ ഒന്നുമില്ല '



ശ്രീജ വിധു



കഥ

# കൈസെ ജാവൂം ജൽ ഭര്നാ





ദർശന

**മു**ത്തശ്ശിയും പോയിരിക്കുന്നു. ഒരു തുള്ളികണ്ണീർ മിഴികളിൽ നിന്നും ഇറ്റിടാതെ തുളുമ്പിനിന്നു. കാഴ്ചകളെയപ്പാടെ അത് മറച്ചു കളഞ്ഞു. പതിനഞ്ചാം വയസ്സിൽ ഗൃഹസ്ഥാശ്രമത്തിലേക്ക് പ്രവേശിച്ചവളാണ് . പത്തു മക്കളെ പ്രസവിച്ചു. രണ്ടുപേർ മറുപിള്ളയ്ക്കൊപ്പം മറഞ്ഞു . ബാക്കിയുള്ള എട്ടു പേരെയും മുറുമുറുപ്പുകൾ ഇല്ലാതെ വളർത്തി. പരാതിയും പരിഭവവും ഇല്ലാതെ കഴിഞ്ഞു കൂടിയവളാണ്. ഷാരത്ത് അമ്പലത്തിലേക്ക് അതികാലത്ത് എണീറ്റോടുമ്പോൾ മുത്തശ്ശിയായിരുന്നു കൂട്ട്

പിന്നെ മുത്തശ്ശിക്ക് കാലുവേദനയായി. ഇലക്കിഴിയും കുഴമ്പുകളും ഒക്കെയായി ഇരിപ്പായപ്പോൾ തനിച്ചു പോകാൻ തുടങ്ങി. മടയത്തെ അമ്മിണിയമ്മ അന്നേരം മുറ്റം തൂക്കുന്നുണ്ടാകും. എളിക്ക് കൈ കുത്തി നിവർന്ന് നിന്ന്ചൂലിന്റെ കടയ്ക്കൽ കൈകൊണ്ട് തട്ടി ഓര് പറയാറുണ്ട്. സമയമറിയാൻ കുട്ടി വരണതും പോണതും നോക്കിയാ മതി ന്ന്.. ഓര്ക്കറിയോ എന്റെ ബദ്ധപ്പാട്. ഏഴു മണിയുടെ ബസ് പിടിച്ചാലേ കോളേജിൽക്ക് സമയത്തിന് എത്താൻ പറ്റൂ. ചാലക്കുടി സൗത്തിലിറങ്ങി റെയിൽവേ സ്റ്റേഷൻ റോഡിലൂടെ സേക്രഡ് ഹാർട്ട് കോളേജിലേക്ക് ഇടംവലം നോക്കാതെ ഒരു നടത്തം. ചിലപ്പോൾ ആരെങ്കിലും ഉണ്ടാകും. ചിലപ്പോൾ ആരും ഉണ്ടാകില്ല . സൗത്തീന്ന് മാളയ്ക്ക് എപ്പോഴും ബസ്സുണ്ട്. കോളേജിന്റെ മുന്നിലൂടെ പോകുന്നത്. പക്ഷേ ഭയങ്കര തിരക്കാ. ഇടി കൊണ്ടു പോണേലും ഭേദം നടക്കണതാ. കൂട്ടുകാർ കളിയാക്കും അവളുടെ അച്ഛന്റെ കയ്യില് കാശില്ലാത്ത കൊണ്ടാ ഇങ്ങനെ പിശുക്കണത് ന്ന്. അങ്ങനെ രാവിലെയുള്ള ഓട്ടത്തിനിടയിലാണ് സുദേവേട്ടനുമായി സൗഹൃദത്തിലായത്. ഒരീസം ബസ്സിറങ്ങി തിരക്കിട്ട് നടക്കുമ്പോൾ പുറകിൽ നിന്നും ഒരു വിളി. തിരിഞ്ഞുനോക്കി സുമുഖനായ ഒരു ചെറുപ്പക്കാരൻ. എന്നെയാകാൻ വഴിയില്ല എന്ന് വിചാരിച്ചു വീണ്ടും നടക്കാൻ തുടങ്ങി. അതാ പിന്നെയും വിളിക്കണു. കുട്ടിയൊന്ന് നിക്കൂന്ന്. നടത്തം പതിയെയാക്കി. തിരിഞ്ഞു നോക്കിയില്ല. കോലു പോലത്തെ മുടി രണ്ടുവശത്തും പിന്നിയിട്ട് ഇളനീല പാവാടയും കടുംനീല ജമ്പറും ഇട്ട് പുസ്തകങ്ങൾ കുത്തിനിറച്ച സഞ്ചിയും തൂക്കി നടക്കണ എന്നെ എന്തിനാണാവോ ഇയാൾ വിളിക്കണത് .

അയാൾ തൊട്ടരികത്തെത്തി . 'എത്ര നേരായി വിളിക്കണത്. ഒന്ന് നിന്നൂടെ നിനക്ക്'. അധികാരസ്വരം. ഞെട്ടലോടെ മുഖത്തേക്ക് നോക്കി .

ആരുടെയൊക്കെയോ ഛായ തോന്നുന്നുണ്ട്. 'എന്താ അന്തംവിട്ട് നിക്കണ്. വാ നടക്കാം'. യാന്ത്രികമായി അയാൾക്കൊപ്പം നടന്നു. 'എന്നെ മനസ്സിലായോ?'

ഞാൻ ഇല്ലെന്നു തലയാട്ടി. ' ഞാൻ സുദേവൻ. നിന്റെ പത്താം ക്ലാസിലെ മലയാളം ടീച്ചറില്ലേ. രാധ. ടീച്ചർ എന്റെ അമ്മയാണ് '.

'ടീച്ചർക്ക് ഇങ്ങനെയൊരു മോനുള്ള കാര്യം എനിക്കറിയില്ല '.

ഞാൻ പതുക്കെ പറഞ്ഞു. അല്ലേലും നിന്നെപ്പോലെ അമ്പലം , പഠിപ്പ് പറഞ്ഞു നടക്കുന്ന പൊട്ടിപെണ്ണുങ്ങൾക്ക് അന്വേഷിക്കാൻ നേരംണ്ടാവില്ല '.അയാൾ എന്നെ ആ

ശ്വസിപ്പിച്ചു. 'അപ്പോ എന്നെ പറ്റി എല്ലാം അറിയും, ഇല്ലേ?' 'പിന്നെ നിന്നെപ്പറ്റിയും നിന്റെ വീട്ടുകാരെ പറ്റിയും ഒക്കെ അറിയാം. ഞാനേ ഐടിഐ യിലാണ് പഠിക്കുന്നത് '.

'പഠിക്കാൻ പോവാണോ? കണ്ടപ്പോൾ മാഷാ ന്ന് തോന്നി .'

രാധ ടീച്ചറോടുള്ള സ്വാതന്ത്ര്യത്തിൽ പറഞ്ഞുപോയി. പുള്ളിക്കാരൻ മുമ്പേ എവിടെയോ പഠിക്കാൻ പോയതിന്റെ കാര്യങ്ങൾ പറഞ്ഞു നടക്കുന്നു. ഞാനാകട്ടെ തെല്ല് ആശ്വാസത്തിൽ ഒരു നല്ല കേൾവിക്കാരിയായി. ആശ്വാസത്തിന് രണ്ട് കാരണങ്ങളുണ്ട് . ഒന്ന് ഗവൺമെൻറ് ഹൈസ്കൂൾ ഗ്രൗണ്ടിലെ പന്ത് കളി കാണാൻ എന്ന മട്ടിൽ റോഡരികിൽ നിരനിരയായുള്ള മരച്ചോട്ടിൽ വായ് നോക്കിയിരിക്കുന്ന ചെക്കന്മാരുടെ നോട്ടത്തിന് ഒരു മറയായി. രണ്ടാമതായി ഐടിഐക്ക് മുന്നിലുള്ള മരച്ചോട്ടിൽ കിറുങ്ങിയിരിക്കുന്ന ചെക്കന്മാരുടെ പാട്ടും ചോദ്യങ്ങളും ഇനി ഉണ്ടാവില്ല എന്ന് തോന്നുന്നു. രണ്ടു പ്രശ്നങ്ങളും ഉണ്ടായില്ല ഈ നീർക്കോലി പെണ്ണ് എന്താ ഇയാളുടെ കൂടെ നടക്കണത് എന്ന് അവരന്തം വിട്ടു കാണും. ഞാനാകട്ടെ സുദേവേട്ടൻ എന്റെ ലോക്കൽ ഗാർഡിയൻ എന്നുള്ള മട്ടിൽ ഗമയിൽ നടന്നു. വൈകുന്നേരത്തെ കാര്യം ഓർക്കുമ്പോൾ ഒരു പ്രശ്നം . പുള്ളിക്കാരൻ നേരത്തെ പോകും. എനിക്കാണെങ്കിൽ ഉച്ചയ്ക്ക് ശേഷമാണ് ലാബിൽ പ്രാക്ടീസ് വരുന്നത് . എന്നും നേരം വൈകും. ആ പോട്ടെ. ബസ്സിലെ ഇടികൊള്ളാൻ മടിയുള്ള ആരെങ്കിലും ഉണ്ടാവും നടക്കാൻ കൂട്ടിന് . ഐടിഐ കഴിഞ്ഞാൽ പിന്നെ കുറെ വീടുകളാണ്. അതുകഴിഞ്ഞ് റോഡിൻറെ ഒരു വശത്ത് വിശാലമായ പാടം. മറുവശത്ത് നീളത്തിൽ കനാൽ . അതിനപ്പുറം കോളേജിന്റെ വിശാലമായ പൂന്തോട്ടം. ഏറ്റവും മനോഹരമായ പൂന്തോട്ടം ഞാൻ കണ്ടിട്ടുള്ളത് സേക്രഡ്ഹാർട്ട് കോളേജിലാണ്. ഒന്നു രണ്ടു പ്രാവശ്യം കയ്യിലിരിപ്പോണ്ട് ക്ലാസിന് പുറത്ത് നിൽക്കേണ്ടി വന്നപ്പോൾ ബോറടി മാറ്റിയത് ഈ പൂക്കളാണ്. കനാലിനടുത്തെത്തുമ്പോൾ നെഞ്ചിടിപ്പ് കൂടും.

നടത്തം കനാലിന്റെ എതിർവശത്തു കൂടെയുള്ള ഭാഗത്താവും കാരണം അവിടെ സ്ഥിരമായി ഒരാൾ മുങ്ങി കുളിക്കുന്നത് കാണാറുണ്ട്. കൂട്ടുകാരാണ് പറഞ്ഞത് അയാൾക്ക് തലയ്ക്ക് സുഖമില്ലെന്ന് . അയാൾ അതിൽ തന്നെ മുങ്ങി കിടക്കണമെന്ന് പ്രാർത്ഥിച്ചുകൊണ്ട് തിടുക്കത്തിൽ നടക്കുമ്പോഴാണ് എന്നെ ആശ്വസിപ്പിച്ചുകൊണ്ട് മറ്റൊരാളുടെ വരവ്. കൃത്യസമയത്ത് തന്നെ സൈക്കിളിൽ ഒരു ഇളം നീല ഷട്ടുകാരൻ റോഡിന്റെ അങ്ങേയറ്റത്ത് പ്രത്യക്ഷപ്പെടും. ഹൃദ്യമായ ഒരു പുഞ്ചിരി സമ്മാനിച്ച് അയാൾ കടന്നുപോകും. എന്നും ഒരേ നിറത്തിലുള്ള ഷർട്ട് . സൈക്കിളിൽ അലസഗമനം നടത്തുന്ന അയാളെ കുറിച്ച് എനിക്കൊരു ചുക്കും അറിയില്ല . എന്നിട്ടും എനിക്ക് വേണ്ടി കൂട്ടുകാർ ഇൻവെസ്റ്റിഗേഷൻ നടത്താൻ നിശ്ചയിക്കുകയും അതൊക്കെ വ്യഥാവിലാവുകയും എന്നും കൃത്യസമയത്ത് ഇങ്ങനെ വരുന്നയാൾ ഏതെങ്കിലും ഒരു ഫാക്ടറി തൊഴിലാളി ആവാനാണ് സാധ്യത എന്ന നിഗമനത്തിൽ കൂട്ടുകാർ എത്തിച്ചേരുകയും ചെയ്തു.

ചുണ്ടിൽ ഒരു മൂളിപ്പാട്ടുമായി മുഖം നിറയുന്ന പ്രസന്നതയോടെ അയാൾ അരികിലൂടെ കടന്നു പോകുമ്പോൾ നെഞ്ചിൽ ഒരു പെടപെടപ്പാണ്. കാറ്റു മെല്ലെ തൊടുമ്പോൾ നെല്ലോലകൾപതിയെ ചായും പോലെ അതുമല്ലെങ്കിൽ വാതിൽപ്പടിയിൽ തൂക്കിയിട്ടിരിക്കുന്ന ചെറുമണികൾ കാറ്റിൽ ഉലയും പോലെ .



അറിയാതെ ചുണ്ടിലൊരു ചിരി വിരിഞ്ഞു .

'അച്ഛാ നോക്കിയേ മുത്തശ്ശി മരിച്ചു എന്ന് അറിഞ്ഞിട്ടും ഒരാൾ ഇവിടെ എന്തൊക്കെയോ ആലോചിച്ചിരുന്നു ചിരിക്കുന്നു . എന്റെ മുത്തശ്ശി എന്റെ മുത്തശ്ശി ന്നു മാത്രം ജപിക്കുന്ന ആളാണ് ട്ടോ ഈ ഇരിക്കണേ. ചായ തിളച്ചു പോയത് പോലും അറിഞ്ഞിട്ടില്ല '.

മകൾ കളിയാക്കുന്നതു കേട്ട് മരണവിവരം അറിഞ്ഞ് ആകുലപ്പെട്ടു കയറിവന്ന മുകുന്ദൻ അതിശയത്തോടെ നോക്കി.

'ഞാൻ നിങ്ങളെയാ ഓർത്തത് '.

പ്രണയാതുരമായ ഒരു നോട്ടം . പിൻകഴുത്തിലെ സ്നേഹമുദ്രണം. ഒരു നിമിഷം സങ്കടം മറന്നു . 'നിങ്ങക്കൊരു മാറ്റോം ഇല്യാ'.

' മാറണോ മാറാം'. ചുറ്റിപ്പിടിക്കുന്ന വിരലുകളെ അടർത്തി മാറ്റി അവൾ മാറിനിന്നു. 'പക്ഷേ നീ മാറി . പഴയ പന്ത്രണ്ടാം ക്ലാസുകാരി പൊട്ടിപ്പെണ്ണിൽ നിന്ന് പോത്തു പോലെ വളർന്നു'.

ചിരിച്ചുകൊണ്ട് തല്ലാനോങ്ങിയ അവളിൽ നിന്നും ഒഴിഞ്ഞു മാറി ക്കൊണ്ട് അയാൾ ചോദിച്ചു .

'പോകുന്നുണ്ടോ ?'

'ഞാനെങ്ങനെയാണ് പോണത്?'

'മരണവീടല്ലേ. ആരും ബഹളം വയ്ക്കില്ല. ഞാൻ കൊണ്ടാക്കാം '.

'എന്നിട്ട് വേണം എന്റെ ആങ്ങളമാരു നിങ്ങളെയെടുത്തിട്ട് തല്ലാൻ '.

'ഇത്രയും കാലം കിട്ടാതിരുന്ന തല്ല് ഇനി കിട്ടുന്നു തോന്നണില്ല. നിനക്ക് നിന്റെ മുത്തശ്ശിയെ അവസാനമായി കാണണെങ്കിൽ പറ '.

ആ വാചകത്തിൽ അവൾ തളർന്നു . അയാളുടെ നെഞ്ചിലേക്ക് വീണു പൊട്ടിക്കരഞ്ഞു. അവളുടെ മുടിയിഴകളിൽ അയാൾ അരുമയോടെ തലോടി .

***

'സഖി മോറി റും ഝും
ബാദൽ ഗരജേ ബരസെ
സഖി മോറി റും ഝും
റെയ്ന അന്ധേരി കാലി
ബിജലി ചമകേ
റെയ്ന അന്ധേരി കാലി
ബിജലി ചമകേ
കൈസെ ജാവൂ ജല ഭര്ന്'.

കോളേജിലെ വാർഷികത്തിന് ഗാനമേള ട്രൂപ്പിനൊപ്പം സ്റ്റേജിൽ അയാൾ. മനോഹരമായ ആ ബന്ദിഷ് അയാൾ അതിമധുരമായി പാടി. ഹൃദയം നിറഞ്ഞു . മിഴികൾ തൂവി .

കണ്ണൻറെ മുന്നിൽ നിന്ന് തൊഴുതു മടങ്ങുമ്പോൾ അവൾ വിളിച്ചു.

'മുത്തശ്ശി'

ഒതുക്കു കല്ലുകളിലേക്ക് പതുക്കെ കാലെടുത്ത് വെച്ച് പടികടന്നു നിന്ന് കണ്ണനെ നീട്ടിത്തൊഴുതു മുത്തശ്ശി ആൽത്തറക്കരുകിലേക്ക് നടക്കുമ്പോൾ അവൾ പതിയെ പറഞ്ഞു 'ഇയ്ക്കൊരു കാര്യം പറയാനുണ്ട് '.

'ഇയ്യൊരു നൂറു കാര്യം പറഞ്ഞോ'. ആൽത്തറക്കടുത്തുനിന്ന് ഒന്നുകൂടി കണ്ണനെ തൊഴുതു കൊണ്ട് മുത്തശ്ശി പതിയെ നടക്കാൻ തുടങ്ങി

'ഒരാളെ ഇഷ്ടം ണ്ട്'.

മുത്തശ്ശിയുടെ കാലുകൾ ഒരു മാത്ര നിശ്ചലമായി. മുഖം വിവർണ്ണമായി . ഒരു ദീർഘനിശ്വാസം. പിന്നെ അവളെ നോക്കി മൃദുവായി ചിരിച്ചു .

'എന്റെ കുട്ടി കോളേജിലല്ലേ പഠിക്കുന്നത് . അപ്പൊ അങ്ങനെയൊക്കെ പലരോടും ഇഷ്ടം തോന്നും. അതൊക്കെ മറന്നോളൂട്ടോ'

'അല്ല മുത്തശ്ശി , എനിക്ക് അയാളില്ലാണ്ട് പറ്റില്ല '.

'എന്റെ കുട്ട്യേ , അച്ഛനറിഞ്ഞാൽ എന്താപുകിലുണ്ടാവാന്ന് ചിന്തിച്ചോ നീ ? നിൻറെ മുത്തച്ഛൻ അറിഞ്ഞാലോ വെച്ചേക്കില്ല '.

മുത്തശ്ശി പുടവത്തുമ്പുയർത്തി കണ്ണ് തുടച്ചു .

'ഭദ്രേടെ ഗതി നിനക്ക് വരരുത് . ചത്ത പോലെ ജീവിക്കണതിലും ഭേദം ഓള് ചാവന്ന്യായിരുന്നു'.

മടയത്തെ പടിക്കൽ ഉണ്ണിയേട്ടൻ .മുത്തശ്ശി കണ്ണുതുടയ്ക്കുന്നത് കണ്ടെന്നു തോന്നുന്നു. 'കള്ളക്കണ്ണൻ കരയിച്ചോ മാലത്യേച്ച്യേ?'

'കണ്ണിലൊരു കരട് തടഞ്ഞു . അതാ '

'എവിടെ നോക്കട്ടെ. ഞാനെടുത്തു തരാം'. 'വേണ്ട ഉണ്ണി . ഓള് എടുത്തു . ഇതെ

ടുക്കാൻ ഓൾക്കെ പറ്റൂ'.

മുഖത്തേക്ക് നോക്കാൻ കഴിഞ്ഞില്ല .

'അമ്മൂട്ടി പഠിപ്പൊക്കെ എങ്ങനെണ്ട് ?'

'കുഴപ്പല്യാ '.

' ഇനിയിപ്പോൾ എന്താ പ്ലാൻ. പരീക്ഷയൊക്കെ കഴിഞ്ഞില്ലേ ഡിഗ്രിക്ക് ഏത് സബ്ജക്റ്റാ നോക്കണത്. കെമിസ്ട്രിയോ മാത്

സോ?'

' തീരുമാനിച്ചിട്ടില്ല

ഉണ്ണിയേട്ടാ '.

' എന്താ ആലോചിക്കാൻ രണ്ടും നിനക്കിഷ്ടമുള്ളതു തന്നെയല്ലേ . കണ്ണടച്ച് എടുക്കാം'.

പൊടുന്നനെ വീണ്ടും ആ ബന്ദിഷ് .

സഖി മോറി ...

അവളുടെ കാലുകൾ നിശ്ചലമായി .

'ഉണ്ണിയേട്ടാ ആരാ പാടുന്നത് '.

'അത് മുകുന്ദൻ. ഗോകുലിന്റെ ഫ്രണ്ട്. ഇന്നലെ വന്നതാ. എന്താ ?'

'ഏയ് ഒന്നൂല്യ , പരിചയം ഉള്ള ശബ്ദം പോലെ'. പൊടുന്നനെ പാട്ട് നിലച്ചു ഗോകുലിനൊപ്പം അയാൾ പുറത്തേക്കിറങ്ങി വന്നു. മുകുന്ദൻ അമ്മുവിനെ കണ്ടതും അറിയാത്ത പോലെ നോക്കി. അവളാകട്ടെ പരിഭ്രമത്തോടെ മുത്തശ്ശിയെ നോക്കി. പിന്നെ തിടുക്കത്തിൽ നടക്കാൻതുടങ്ങി. അവളെ പിന്തുടരുന്ന മിഴികൾ കണ്ടു മുത്തശ്ശി അമ്പരന്ന് നിന്നു.

അയാൾ മുത്തശ്ശിയുടെ അടുത്തെത്തി കാല് തൊട്ടു വന്ദിച്ചു. ഗോകുൽ പുഞ്ചിരിച്ചു.

മുത്തശ്ശി കൺ നിറഞ്ഞുനിന്നു .

ശ്വാസം മുട്ടിക്കുന്ന വീട്ടിൽ നിന്നും ഇറങ്ങിപ്പോരുമ്പോൾ മുത്തശ്ശിയുടെ മൗനാനുവാദം മാത്രം.

പിന്തുടർന്ന് വരുമോ എന്ന ഭയം വീട്ടിൽ നിന്നും വളരെയകലെ എത്തിച്ചു. മുകുന്ദന്റെ ഒരു സുഹൃത്ത് നോർത്തിൽ ഉണ്ടായിരുന്നു. അവിടേക്ക് പോയി. ആകെയുണ്ടായിരുന്ന സമ്പാദ്യം മുകുന്ദന്റെ സംഗീതമായിരുന്നു. സുഹൃത്ത് വഴി ഒരു ആൽബം സോങ്ങിൽ പാടിയതോടെ ഭാഗ്യം തെളിഞ്ഞു. പാട്ട് ഹിറ്റായി. പിന്നെ ധാരാളം അവസരങ്ങൾ കിട്ടി. ഉണ്ണിയേട്ടന്റെ മകൻ വഴി നാട്ടിലെ വിവരങ്ങൾ അറിയാറുണ്ട്. പിറകെ അന്വേഷണത്തിന് ഇറങ്ങിപ്പുറപ്പെടാൻ ഇരുന്നവരെ മുത്തശ്ശിയുടെ വാക്കുകൾ പിടിച്ചു നിർത്തിയത്. മുത്തച്ഛന്റെ മരണം. മുത്തച്ഛന്റെ മരണാനന്തര ചടങ്ങുകൾക്കിടയിൽ തന്നെയും മരിച്ചെന്ന് സങ്കൽപ്പിച്ചു ബലിയിടാൻ അച്ഛൻ നിർദ്ദേശം നൽകിയത്. ഓർത്തപ്പോൾ അവളുടെ നെഞ്ചു പിടഞ്ഞു. കരച്ചിലിന്റെ ആക്കം കൂടി. 'മുത്തശ്ശിയെ കാണണോ നിനക്ക് ?'

'വേണ്ട . അവിടെ ചെല്ലുമ്പോഴേക്കും എല്ലാം കഴിഞ്ഞിട്ടുണ്ടാകും പിന്നെ ആരെ കാണാനാ '. ഇപ്പോൾ മുത്തശ്ശിയെ കുളിപ്പിച്ച് കിടത്തിയിട്ടുണ്ടാകും. മുത്തച്ഛൻ മരിച്ചതിൽ പിന്നെ പൊന്നും പട്ടും ഉപയോഗിക്കാറില്ല മുത്തശ്ശി. വിളറി വെളുത്ത മുഖത്ത് ആരെങ്കിലും ഒരു ചുവന്ന പൊട്ട് തൊടീച്ചിട്ടുണ്ടാകുമോ? കുങ്കുമം കൊണ്ട്. കറുത്ത കരയുള്ള നേരിയതാവും ഉടുപ്പിച്ചിട്ടുണ്ടാവുക. എങ്കിൽ എന്റെ മുത്തശ്ശി സുന്ദരിയായി കിടക്കുന്നുണ്ടാകും. മുത്തശ്ശി മരിച്ച വിവരം ഭദ്ര ചിറ്റ അറിഞ്ഞു കാണുമോ? അവർ കരയുന്നുണ്ടോ അതോ ഒന്നുമറിയാതെ ശൂന്യതയിലേക്ക് നോക്കി കിടക്കുന്നുണ്ടായിരിക്കുമോ. അവൾക്ക് നെഞ്ചു പൊട്ടും പോലെ തോന്നി. ആരോ കോരിയെടുക്കുന്നത് കട്ടിലിൽ കിടത്തുന്നത് ഒരു സ്വപ്നത്തിലെന്നവണ്ണം അവൾ അറിഞ്ഞു.

അവൾ മയങ്ങി. പൊടുന്നനെ മേഘങ്ങൾ ഗർജിക്കാൻ തുടങ്ങി.മഴ ആർത്തലച്ച് പെയ്തു ഇരുൾ നിറഞ്ഞു.

'ചിറ്റേ വാ പോകാം. നല്ല മിന്നലുണ്ട് . അമ്മുവിന് പേടിയാവുന്നുണ്ട് ട്ടോ.

ചിറ്റേ ...'

അവളുടെ വിളി കേൾക്കാതെ ചിറ്റ കുളത്തിലേക്ക് ഇറങ്ങി നടന്നു.

ചിറ്റയെ മറച്ചുകൊണ്ട് ജലം ഉയർന്നു പൊങ്ങി. പെരും മഴയത്ത് കുളക്കരയിൽ അവൾ മരവിച്ചു നിന്നു. ആരൊക്കെയോ ദൂരെ നിന്നും ഓടിവരുന്നത് അവൾ കണ്ടു. കുളത്തിനു നടുവിൽ കുമിളകൾ ചിത്രം വരച്ചു. മഴത്തുള്ളികൾ അതപ്പാടെ മായ്ച്ചുകളഞ്ഞു.

●



# ആന(ന്ദം)



കൃഷ്ണകുമാർ മാപ്രാണം

**ക്ഷേ**ത്രത്തിന്റെ ഗോപുരം കടന്ന് അകത്തേക്ക് പ്രവേശിച്ചപ്പോൾ കിഴക്കേ നടപ്പുരയിൽ ശിവേലി പഞ്ചാരിമേളത്തിന്റെ പതികാലവും രണ്ടാം കാലവും കൊട്ടിയ ശേഷം തെക്കേ ഗോപുരവും പിന്നിട്ട് പടിഞ്ഞാറേ നടപ്പുരയിൽ എത്തിച്ചേർന്നിരുന്നു. പനമ്പട്ടയുടെയും ആനപ്പിണ്ഡത്തിന്റെയും ഗന്ധം നാസാരന്ധ്രത്തിൽ തുളച്ചു കയറി.

കിഴക്കേ നടപ്പുരയുടെ തെക്ക് ചെമ്പോല മേഞ്ഞ കൂത്തമ്പലത്തിന്റെ ചുറ്റുമിരുന്ന് ഉത്സവത്തിനെത്തിയ അനേകം ആളുകൾ തങ്ങളുടെ ക്ഷീണം അകറ്റുന്നു.

ബലിക്കല്ലിന് മുന്നിലെ കൊടിമരത്തിൽ കൊടിക്കൂറ കാറ്റിൽ പാറിക്കളിച്ചു. നടപ്പുരയിലെ ഒരു തൂണിൽ ഘടിപ്പിച്ചിരുന്ന വലിയ ചങ്ങലക്കണ്ണികൾ പഴയ ഏതോ ചരിത്ര കഥ ഓർമ്മിപ്പിച്ചു.

നടപ്പുരയിൽ ചിലർ ഒരുമിച്ചുകൂടി ആ ചങ്ങലയെക്കുറിച്ചുള്ള സത്യം തേടുകയായിരുന്നു.

'കണ്ടോ ഈ ചങ്ങല? എന്തൊരു വലുപ്പാ...! കവളപ്പാറ കൊമ്പനെ തളച്ചത് ഇതു കൊണ്ടാ...!'

ഒരാൾ ആശ്ചര്യത്തോടെ പറഞ്ഞു.

'ആരു പറഞ്ഞു ഈ മണ്ടത്തരം? അത് വലിയ രവിയുടെ ചങ്ങലയാണെടോ!' മറ്റൊരാൾ തർക്കിച്ചു.

'പോടാ... വിഡ്ഢിത്തം പറയാതെ!' ആദ്യത്തെയാൾ പുച്ഛത്തോടെ പ്രതികരിച്ചു.

'എന്ത് വിഡ്ഢിത്തമാടോ? കവളപ്പാറ കൊമ്പന്റെ കാര്യം എനിക്കറിയാം!...എത്രാളെ കൊന്നതാ...അതിനെ തളച്ചത് ഇത് കൊണ്ടാ...' മൂന്നാമതൊരാൾ അവകാശപ്പെട്ടു.

'ഇത് ഇവിടുത്തെ സാക്ഷാൽ വലിയ രവിയുടെ ചങ്ങലയാണ്!'

നാലാമത്തെയാൾ തറപ്പിച്ചു പറഞ്ഞു.

അങ്ങനെ ആ ചങ്ങലയെക്കുറിച്ച് ആർക്കും ഒരു യഥാർത്ഥ നിശ്ചയമില്ലാത്തതിനാൽ പലരും പലതും പറഞ്ഞ് തർക്കിച്ചു കൊണ്ടിരുന്നു. ഒരുപക്ഷേ, തർക്കങ്ങളും പ്രശ്നങ്ങളും ഉണ്ടാകുന്നത് ഇതുപോലുള്ള നിസ്സാര കാരണങ്ങളാലാണെന്നുള്ളതാണ് വാസ്തവം.

ഞാൻ കൂത്തമ്പലത്തിന്റെ ഇടയിലൂടെ തെക്കുഭാഗത്തെ പ്രദക്ഷിണ വഴിയിലേക്ക് നടന്നു. ഊട്ടുപുരയുടെ ഭാഗത്ത് അന്നദാനത്തിനായി ആളുകളുടെ നീണ്ട നിര രൂപം കൊണ്ടിരുന്നു.

വെയിലിന് ചൂട് കൂടിവന്നു. ചുട്ടുപഴുത്ത പ്രദക്ഷിണ വഴിയിലൂടെ പടിഞ്ഞാറേ നടപ്പുരയിൽ എത്തിയപ്പോൾ പതിനഞ്ചു ഗജവീരന്മാർ അണിനിരന്നു നിൽക്കുന്നിടത്ത് സൂചി കുത്താൻ പോലും ഇടമില്ലാത്ത്ര തിരക്കായിരുന്നു.

ആനകളെ എത്ര കണ്ടാലും മതിവരാത്തവർ അവിടെ ഉണ്ടായിരുന്നു. ആളുകൾ യാതൊരു ഭയവുമില്ലാതെ ആനകളുടെ തൊട്ടരികിൽ നിന്നു. ഒത്തുവന്നാൽ ഒന്നു തൊടാൻ പോലും ചിലർ ശ്രമിച്ചു.

പാപ്പാന്മാർ ആനയുടെ കാൽച്ചുവട്ടിൽ ചാരിയിരുന്നു. ചിലർ കിടന്നു. ചെറിയൊരു കു

ന്തം കൊണ്ട് അവർ ആ വലിയ മൃഗത്തെ നിയന്ത്രിച്ചു നിർത്തിയിരിക്കുകയാണ്.

തിടമ്പും കോലവും ആലവട്ടവും വെഞ്ചാമരവും ഏറ്റുകൊണ്ട് നിരവധി ആളുകൾ ആനപ്പുറത്തും നിലയുറപ്പിച്ചിരുന്നു.

പഞ്ചാരിമേളത്തിന് തൃപ്പേക്കുളത്ത് അച്ചുതൻമാരാരായിരുന്നു പ്രമാണം. ഒപ്പം മഠത്തിൽ ഗോപാലൻമാരാരും നാരായണൻകുട്ടിമാരാരും ഉണ്ടായിരുന്നു. ഇരുവശത്തും കൈയ്യും മെയ്യും മറന്ന് അവർ മേളം കൊഴുപ്പിക്കുകയായിരുന്നു. രണ്ടു വരികളിലായി ഉരുട്ടുചെണ്ടകളിൽ താളം മുറുകുമ്പോൾ അതിനുപിന്നിൽ വീക്കൻ ചെണ്ടയിലെ താളവും ഇടകലർന്ന് ഒറ്റത്താളമായി പാഞ്ചാരിമേളം അതിന്റെ പൂർണ്ണതയിലെത്തി.

താളത്തിനൊത്ത് കാണികൾ തുള്ളിച്ചാടി. വായുവിൽ കൈകൾ മുകളിലേക്ക് വീശി അവർ ആനന്ദനൃത്തം ചവിട്ടി.

കൊമ്പുവിളിക്കാരുടെയും കുഴലുവിളിക്കാരുടെയും കുനിഞ്ഞുകൊണ്ടുള്ള ആടിയുലയലും ഇലത്താളം കിലുങ്ങുന്ന ശബ്ദവും കാണികൾക്ക് ഹരം പകർന്നു.



കൊടിയേറ്റം തുടങ്ങി ആറാട്ടുവരെയുള്ള പത്തു ദിനങ്ങളും നാടും നഗരവും ഉത്സവ ലഹരിയിലായിരുന്നു. ആനന്ദസാഗരത്തിൽ ആറാടാനായി ഭക്തജനങ്ങൾ ഒഴുകിയെത്തിക്കൊണ്ടിരുന്നു.

പത്തു ദിവസവും ക്ഷേത്രാങ്കണം ക്ഷേത്രകലകളുടെ സമ്മേളന വേദിയായിരുന്നു. ചാക്യാർകൂത്തും ഓട്ടൻതുള്ളലും കൂടിയാട്ടവും കുറത്തിയാട്ടവും സംഗീതാർച്ചനയും ഹരികഥയും കഥകളിയും തുടങ്ങി വേണ്ടുവോളം കലാരുചികൾ അവിടെ ആസ്വാദകർക്കായി ഒരുങ്ങിയിരുന്നു.

പകൽനേരം ശീവേലി കഴിഞ്ഞാൽ മറ്റു പരിപാടികൾ ഓരോന്നായി ആരംഭിക്കും; ഒന്ന് കഴിഞ്ഞാൽ മറ്റൊന്ന് എന്ന ക്രമത്തിൽ അവ അരങ്ങേറും.

ക്ഷേത്രാങ്കണത്തിൽ പല ഭാഗങ്ങളിലായി വ്യത്യസ്ത പരിപാടികളാണ് ഉണ്ടാവുക.. ഉച്ചക്ക് കിഴക്കെ നടപ്പുരയിൽ ഓട്ടൻതുള്ളലും സന്ധ്യയ്ക്ക് കിഴക്കേ നടയിൽ മദ്ദളപയറ്റും കൊമ്പുപയറ്റും തായമ്പകയും നാദസ്വരവും ഭക്തരെ കോൾമയിർ കൊള്ളിക്കുമ്പോൾ പടിഞ്ഞാറു ഭാഗത്ത് പാഠകമോ കുറത്തിയാട്ടമോ കാണികൾക്ക് രസം പകരും. തെക്ക് പടിഞ്ഞാറ് സ്റ്റേജിൽ സംഗീതാർച്ചന, നൃത്തം തുടങ്ങിയ പരിപാടികളും നടക്കും.

ചെമ്പോല മേഞ്ഞ കൂത്തമ്പലത്തിലാണ് കൂടിയാട്ടം അരങ്ങേറുക. രാത്രി ഏറെയാകുമ്പോൾ ചേങ്ങിലയും ചെണ്ടയും ഉണരും. കഥകളിയിൽ ഉണ്ണായി വാരിയരുടെ നളചരിതവും സന്താനഗോപാലവും കീചകവധവും ശ്രീരാമപട്ടാഭിഷേകവും കണ്ട് കഥകളി ആസ്വാദകർ നിർവൃതി അടയും.

ഉത്സവം തുടങ്ങിയാൽ പത്തു ദിവസവും ഉത്സവപ്പറമ്പിൽ തിരക്കോടു തിരക്കായിരുന്നു. ഉത്സവ കാഴ്ചകളിൽ പലർക്കും പല വിധത്തിലുള്ള ഇഷ്ടങ്ങളാണ്. ചിലർക്ക് മേളത്തോടായിരുന്നു കമ്പം. അവർ ചെണ്ടക്കാരുടെ പരിസരം ചുറ്റി വളഞ്ഞു നിൽക്കും; മറ്റു ചിലരാകട്ടെ ആനയുടെ അടുത്ത് നിന്ന് അതിന്റെ ചേഷ്ടകൾ കണ്ട് മതിമറന്ന് ആസ്വദിക്കും. ചിലർക്ക് വെറുതെ ചുറ്റിനടക്കാനായിരുന്നു ഇഷ്ടം. ആൺപിള്ളേർ വേഷഭൂഷാദികളോടെ അണിഞ്ഞൊരുങ്ങിവന്ന സുന്ദരിമാരുടെ പരിസരത്ത് കറങ്ങി നടക്കുന്നുണ്ടാകും. ഉത്സവപ്പറമ്പിൽ യാതൊന്നും നടക്കുന്നില്ല എന്ന മട്ടിൽ എന്തിനുവന്നിരിക്കുന്നു എന്ന് പോലും നിശ്ചയമില്ലാതെ തനിയെ എവിടെയെങ്കിലും ഒരിടത്ത് ശാന്തമായി മയങ്ങുന്നവരെയും അതിനിടയിൽ കാണാം.

ഉത്സവത്തിനെന്ന് പറഞ്ഞ് ഉത്സവപ്പറമ്പിൽ കയറാതെ ചിലരൊക്കെ വള, കമ്മൽ, ചാന്ത്, പൊട്ട്, പൊരി, ഹൽവ, വറവുപലഹാരങ്ങൾ വിൽക്കുന്ന വഴിയോരങ്ങളിലും മൈതാനത്ത് ഒരുക്കിയിട്ടുള്ള സർക്കസ്, സൂചിയേറ്, ആനമയിലൊട്ടകം മുതലായ കളികളും കണ്ട് മതിമറന്ന് നടക്കും.

ചെല്ലുമ്പോൾ പടിഞ്ഞാറേ നടപ്പുരയിൽ മേളം മൂന്നാം കാലം കൊട്ടികയറുകയായിരുന്നു. പടിഞ്ഞാറെ ഗോപുരത്തിന്റെ ഭാഗത്തുള്ള പന്തലിൽ ശിവേലി കണ്ട് നിൽക്കുമ്പോഴാണ് പിറകിൽ നിന്നും

'കുട്ടികൃഷ്ണാ!'

എന്നൊരു വിളി കേട്ടത്.

തിരിഞ്ഞു നോക്കിയപ്പോൾ തൊട്ടു പിന്നിൽ ഊട്ടുപുരയുടെ തിണ്ണയിൽ സുഭദ്ര ചേച്ചി നിൽക്കുന്നു അവിടെ സ്ത്രീകളുടെ തിരക്കായിരുന്നു. കുമാരിമാരും യുവതികളും അണിഞ്ഞൊരുങ്ങി നിൽക്കുന്നുണ്ടായിരുന്നു.

'സുഭദ്രേച്ചിയോ!'

ഞാൻ അത്ഭുതത്തോടെ വിളിച്ച് അങ്ങോട്ട് ചെന്നു.

'നീ എപ്പോഴാ വന്നേ?' ചേച്ചി സ്നേഹത്തോടെ ചോദിച്ചു.

'ശീവേലി പടിഞ്ഞാറേ നടയിൽ എത്തിയപ്പോഴാ വന്നേ...'

'എന്നും വരുമല്ലേ, നീ?'

'പിന്നെ! ഉത്സവത്തിന് പത്തു ദെവസവും മുടങ്ങില്ല. ഇത് നമ്മടെ ഉത്സവല്ലേ?'

'അതെന്നെ! ഈ മതിലകത്ത് വന്നില്ലെങ്കി..ഒരു വല്ലായ്മയാണ്. ല്ലേ വെറുതെ ഒന്നു വന്നാ മതി.'

'ചേച്ചി, എന്നും വരാറുണ്ടോ?'

'എവിടെ? പറ്റ്യാ..ഒന്നോ രണ്ടോ ദെവസം വരും...ഏട്ടനാണെങ്കി ഇന്നാൾ ഒന്നു വീണു. പ്ലാസ്റ്റർ ഇട്ടിട്ട് കഴിഞ്ഞ ദെവസമാണ് അഴിച്ചത്. ഇങ്ങോട്ട് വരാൻ പറ്റില്ലല്ലോ എന്ന് സങ്കടപ്പെട്ടിരിക്കുമ്പോഴാ നാത്തൂന്റെ മോള് വന്നത്. താഴെയുള്ളവനെ ഒന്നു കാണിക്ക്യേം ...ചെയ്യണല്ലോ. അപ്പോ ഏട്ടൻ പറഞ്ഞു നീ പൊയ്ക്കോ എന്ന്.'

'ഞാനൊന്നും അറിഞ്ഞില്ല്യാട്ടോ. ഒരു ദെവസം വരണുണ്ട്.'

'ഉവ്വ് ഉവ്വ്. നിന്നെ ഞങ്ങക്ക് അറിഞ്ഞൂടെ? എവിടേക്കും പോകാത്തോനല്ലേ നീ. എപ്പോഴെങ്കിലും എന്റടുത്ത് വന്നിട്ടുണ്ടോടാ?'

'അല്ലേച്ചി... ഞാൻ വരണുണ്ട്... ഉത്സവം കഴിഞ്ഞിട്ട്... ഒരൂസം വരാം.'

'ഉവ്വുവ്വ് വന്നതുതന്നെ. പിന്നെ... അമ്മയ്ക്കും അച്ഛനൊക്കെ എങ്ങനെണ്ട്? അന്വേഷിച്ചൂന്ന് പറയണം ട്ടോ.'

സുഭദ്രേച്ചിയോട് സംസാരിക്കുമ്പോഴാണ് അതും ശ്രദ്ധിച്ച് തൊട്ടടുത്ത് നിന്നിരുന്ന ദാവണിക്കാരി പെൺകുട്ടിയെ കണ്ടത്. നുണക്കുഴി വിരിയുന്ന തുടുത്ത കവിളുകൾ, നീണ്ട ചുരുണ്ട മുടി, കൺമഷിയെഴുതിയ മിഴികൾ.

ഞാൻ അവളെ ശ്രദ്ധിക്കുന്നുണ്ടെന്നറിഞ്ഞതും അവൾ തല വെട്ടിച്ച് വശത്തേക്ക് നോക്കി നിന്നു. ഇടയ്ക്ക് അവളുടെ മിഴികൾ എന്റെ കണ്ണുകളുമായി കൂട്ടിമുട്ടുമ്പോൾ അവൾ മുഖം വീണ്ടും തിരിക്കും. അങ്ങനെ അത് തുടർന്നതും അവളുടെ ചുണ്ടിൽ നേർത്തൊരു മന്ദഹാസം ഇതൾ വിരിയുന്നത് ഞാൻ കണ്ടുപിടിച്ചു.

അവളെ അങ്ങനെ നോക്കി നിൽക്കുമ്പോൾ ഹൃദയത്തിൽ പറഞ്ഞറിയിക്കാൻ കഴിയാത്ത ഒരു ആനന്ദം മൊട്ടിട്ടുവാൻ തുടങ്ങിയിരുന്നു.

സുഭദ്രേച്ചി പിന്നിലേക്ക് ചൂണ്ടിട്ട് പറഞ്ഞു,

'എന്റെ നാത്തൂന്റെ മോളാണ്. കേരള വർമ്മയിൽ ബി.എയ്ക്ക് പഠിക്കുണൂ.'

അവൾ മന്ദഹസിച്ചു.

'ങ്ങാ... രേഖേ... ഇവരുടെ വീടിന്റെ അയൽപക്കത്തായിരുന്നു മുൻപ് ഞങ്ങള് താമസിച്ചിരുന്നത്.....ഇവൻ കുട്ടികൃഷ്ണൻ.

ഇവനെ എന്റെ കൈ പിടിച്ചാണ് സ്കൂളിൽ കൊണ്ടുപോയത്. ഭയങ്കര മടിയനായിരുന്നു. ക്ലാസ്സിൽ കൊണ്ടിരുത്തിയാൽ ടീച്ചറുടെ കണ്ണുവെട്ടിച്ച് ഓടും വീട്ടിലേക്ക്. ല്ലേടാ?'

സുഭദ്രേച്ചി എന്റെ കുട്ടിക്കാലം ഓർമ്മിപ്പിച്ചപ്പോൾ ഞാൻ ലജ്ജിതനായി.

'പോ ചേച്ചി... നുണ പറയാണ്...!'

അതുകേട്ട് സുഭദ്രേച്ചിയോടൊപ്പം ആ പെൺകുട്ടിയും ചിരി തൂകി.

'ശ്രീരാം വന്നിട്ട് എവിടെ അവൻ?'

ഞാൻ ചോദിച്ചു.

'ദേ... അബടെ... കണ്ടില്ലേ? നീല ഷർട്ട്.'

ഉത്സവപ്പറമ്പിൽ ഒരു ഭാഗത്ത് പിള്ളേരുമായി ബലൂൺ തട്ടിക്കളിക്കുന്ന കൂട്ടത്തിൽ ഞാൻ ആ കുട്ടിയെ കണ്ടു.

'ഡാ... ശ്രീരാമേ... ഇങ്ങോട്ട് വാ!'

സുഭദ്രേച്ചി മകനെ വിളിച്ചു. അവൻ മടിച്ചു മടിച്ച് എത്തി.

'ഡാ നിനക്കറിയോ... കുട്ടികൃഷ്ണമാമനെ?'

'ഉം...' അവൻ തലയാട്ടി.

'നീ എത്രേലാണ് പഠിക്കണത്?'

'ഇനി മൂന്നിലേക്ക്...'

വർത്തമാനങ്ങൾ പറഞ്ഞു നിൽക്കുമ്പോളാണ് ജനങ്ങൾ നിറഞ്ഞു കവിഞ്ഞു നിൽക്കുന്നിടത്തു നിന്നും പെട്ടെന്ന് ഒരു ശബ്ദം കേട്ടത്.

മേളം അഞ്ചാം കാലം അടുക്കാറായിരുന്നു അപ്പോൾ.

ശബ്ദത്തെ തുടർന്ന് ആനയുടെ ചിന്നം വിളി ഉണ്ടായി. അതോടെ ആളുകൾ വെപ്രാളപ്പെട്ടു നാലു ഭാഗങ്ങളിലേക്കും പായാൻ തുടങ്ങി. ഓടുന്നതിനിടയിൽ ആളുകൾ കൂക്കിവിളിക്കുന്നുണ്ടായിരുന്നു.

'ആന മദിച്ചു! ഓടിക്കോ!'

അതുകേട്ടതോടെ ജനം പരിഭ്രമത്തോടെ നാലുപാടും ചിതറിയോടാൻ തുടങ്ങി. ആളുകളുടെ കരച്ചിലും ബഹളവും ഉയർന്നു. തിരക്കിട്ട് ഓടുന്നതിനിടയിൽ പലരും വീണു. ചിലരൊക്കെ തട്ടികുടഞ്ഞ് എഴുന്നേറ്റോടി. ചിലരുടെ ശരീരത്തിനു മീതെ ചവിട്ടിമെതിച്ച് ജീവനും കൊണ്ട് ഓടുന്നവർ.

എന്തു ചെയ്യണം എന്നറിയാതെ ഒരു നിമിഷം ഞാൻ നിന്നു. പിന്നെ സുഭദ്രേച്ചിയെയും ശ്രീരാമിന്റെ കൈയ്യും പിടിച്ച് ഓടി. ആളുകൾ ഒന്നിച്ചു തിക്കിത്തിരക്കി ഓടിയതിനാൽ പല വഴികളും അടഞ്ഞു.

ഓടുന്നതിനിടയിൽ ഊട്ടുപുരയുടെ വാതിൽ തള്ളിത്തുറന്ന് കുറെപ്പേർ അതിലേക്ക് കയറി. ജനങ്ങളുടെ ഒഴുക്കിനിടയിൽ ഞങ്ങളും അതിലേക്ക് പ്രവേശിക്കപ്പെട്ടു. അൽപ്പം കഴിഞ്ഞതും ഊട്ടുപുരയിലും സ്ഥലമില്ലാതായി. ആളുകൾ വേറെ അഭയസ്ഥാനം തേടി പരക്കം പാഞ്ഞു.

നിലവിളിയും കൂട്ടം തെറ്റിപ്പോയവരുടെ വിലാപവും ചെവിയിലെത്തിക്കൊണ്ടിരുന്നു. ആരുടെ കൈയ്യാണ് മുറുക്കി പിടിച്ചിരിക്കുന്നതെന്ന് ഞാൻ നോക്കി. ഓടുമ്പോൾ കൈവിട്ടുപോയിരുന്നു. മറ്റാരുടെയോ കൈകളാണ് ഞാൻ പിടിച്ചിരിക്കുന്നത്. അടുത്ത് സുഭദ്രേച്ചിയെ കാണാനില്ല.

'സുഭദ്രേച്ചി!' ഞാൻ ഉറക്കെ വിളിച്ചു.

'അമ്മേ!' ശ്രീരാം കരയാൻ തുടങ്ങി.

'സുഭദ്രേച്ചി!' പരിഭ്രമത്തോടെ ഞാൻ പലവട്ടം വിളിച്ചു. ഒടുവിൽ വിളി കേട്ടു.

'ഇബടെയുണ്ട്!' കൂട്ടത്തിൽ അകലെ ഒരു തല കണ്ടു.

'മോനെ! അപ്പുറത്തുണ്ട് അമ്മ!' അവർ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

'ശരി!'

'കണ്ണാ!'

'ചേച്ചി!'

പലരും വിളിക്കുന്നു, കരച്ചിൽ ഉയരുന്നു.

'രണ്ടുപേർക്ക് കുത്തുകിട്ടീട്ടുണ്ട് എന്നാ പറയണത്!'

'അയ്യോ!'

'ആരാ?'

'ഒന്നൊരു പെണ്ണാണ്, പിന്നെ ഒരു പയ്യൻ.'

'രേഖേ!'

'രേഖ എബടെ? അവിടെണ്ടോ?' സുഭദ്രേച്ചി വിളിച്ചു ചോദിച്ചു.

'ഇബടെയില്ലല്ലോ!'

'ഇല്ലേ? അയ്യോ!' കരച്ചിൽ.

'പേടിക്കേണ്ട, എവിടെയെങ്കിലും ഇണ്ടാവും.' ആരോ ആശ്വസിപ്പിച്ചു.

'മോനെ കുട്ടികൃഷ്ണാ! ഒന്നു നോക്കടാ അവളെവിടെയെന്ന്!'

കരച്ചിൽ.

'കുടൽമാലയൊക്കെ പുറത്തായിത്രേ!'

'അയ്യോ!'

'ഇനിയിപ്പോ ഉത്സവം ഇല്ലത്രേ!'

'അങ്ങനെയുണ്ടാവുമോ?'

'ആളുകൾ മരിച്ചതല്ലേ? പുണ്യാഹം ഒക്കെ വേണ്ടിവരും.'

ആളുകൾ എന്തൊക്കെയോ പറയുന്നു.

'രേഖേ... രേഖേ!'

ആരും വിളി കേൾക്കുന്നില്ല.

'അയ്യോ രേഖേ!'

'മോളെ!' ഞാൻ നടുങ്ങി. രേഖ,

അവൾ എവിടെ? കാണാനില്ല.

'അയ്യോ!' സുഭദ്രേച്ചി കരച്ചിലായി.

'രേഖേ!' അവൾക്കെന്തു പറ്റി?

'കരച്ചിൽ!'

'സമാധാനിക്ക്... ഒന്നും പറ്റില്ല്യ.' ആരുടെയോ സാന്ത്വന വാക്കുകൾ.

'ഡാ... രേഖയെ കണ്ടോ?'

'പേടിക്കാതേച്ചി... നോക്കട്ടെ.'

'ചേച്ചി!' ഒരു വിളി. രേഖയാണോ? മുൻഭാഗത്തൊരു അനക്കം.

'ഞാനിവിടെയുണ്ട്!' ആശ്വാസം.

'രേഖേ... ഇവിടെ... ഇങ്ങോട്ട് വരൂ!'

എത്ര നേരമായി നോക്കുന്നു... എബടെയായിരുന്നു...കുട്ടീ?'

ഞാനിത്തിരി സ്വാതന്ത്ര്യത്തോടെ ദേഷ്യസ്വരത്തിൽ ചോദിച്ചു

'എന്തുട്ടാ? തെരക്കിനിടയിൽ നുഴഞ്ഞു കയറണെ....അവിടെ നിക്ക്!'

'ആ കുട്ടീനെ ഇങ്ങോട്ട് കടത്തി വിട്ന്നേ...!'

'ഈ തെരക്കിനിടയിൽ... അവന്റെയൊരു...'

ആളുകൾ പുലമ്പി.

കരച്ചിൽ.

'പൊയ്ക്കോ... ഇത്തിരി സ്ഥലംണ്ട് ഇവിടെ... ഇതിലൂടെ..പൊക്കോ....'

ഞാൻ തിക്കിത്തിരക്കി രേഖയുടെ കൈയ്യിൽ പിടിച്ചു.

അവളുടെ കൈ ഉരഞ്ഞ് ചെറുതായി ചോര വരുന്നുണ്ടായിരുന്നു.

'എന്തേ രേഖേ...?'

'ഓടിയപ്പോ വീണു.'

'അയ്യോ...വല്ലാതെ പറ്റ്യോ..?'

'സാരല്ല്യ.'

'സുഭദ്രേച്ചിയോ?'

'അപ്പുറത്തുണ്ട്... പേടിക്കേണ്ട.'

'രേഖയെ കണ്ടു ചേച്ചി!'

'ഹാവൂ... എബടെയായിരുന്നു...അവിടെ നിന്നോ... തെരക്കൊഴിയട്ടെ...' സുഭദ്രേച്ചിയുടെ ആശ്വാസം.

പെട്ടെന്നൊരു തള്ളൽ.

'ആരാടാ തള്ളണത്?'

രേഖ എന്റെ ദേഹത്തേക്ക് വീണു. അവളുടെ മാറിടം എന്റെ ദേഹവുമായി ഉരഞ്ഞു. വിയർപ്പിന്റെയും കുട്ടിക്യൂറയുടെയും മണം. അവളുടെ ശ്വാസം എന്റെ മുഖത്തടിച്ചു.

'വേദനേണ്ടോ?'

'ഉം...'

അവളുടെ കൈകളിലേക്ക് ഞാൻ കൈ എടുത്തു വെച്ചു. അവളുടെ നെറ്റിയിൽ പതുക്കെ തൊട്ടു. മുടിയിഴകൾ മുഖത്തേക്ക് പാറി വീണു.

'ആശുപത്രിയില് പോണോ?'

'ഏയ്...'

'പോണെങ്കി പോവാം ട്ടോ...'

'വേണ്ടന്നെ...'

അവൾ എന്നെ തൊട്ടുരുമ്മി നിൽക്കുകയാണ്. ഞാൻ അവളുടെ കൈ എന്റെ കൈയ്യിലൊതുക്കി പിടിച്ചു.

'അധികം പൊട്ടിയിട്ടൊന്നുല്ല്യ...'

അവൾ മൊഴിഞ്ഞു.

ഒരു കാറ്റ് വീശി. വെളിച്ചം പരന്നു. ഊട്ടുപുരയിൽ നിന്നാളുകൾ ഒഴിഞ്ഞു.

'തെരക്കൊഴിയട്ടെ...'

ഞങ്ങൾ പുറത്തെത്തി.

രേഖയുടെ കൈയ്യിൽ ചോര കണ്ടതും സുഭദ്രേച്ചി അന്ധാളിച്ചു.

'രേഖേ... എന്താ പറ്റ്യേ..?'

'വീണു.'

'വല്ലതും പറ്റ്യോ...?'

'കൈ ഒന്നു ഉരഞ്ഞേള്ളൂ.'

'ആശുപത്രിയില് പോണോ..?'

'അയ്യേ... അത്രയ്ക്കൊന്നും പറ്റീട്ടില്ല്യ.'

'ആനയെ തളച്ചോ?'

'തളച്ചിട്ടുണ്ടാവും.'

'രക്ഷപ്പെട്ടു!'

'ആർക്കാ പറ്റീത്?'

'ആർക്കും പറ്റിയിട്ടില്ല.'

'കുത്തുകിട്ടിയോ?'

'എവടെ? ആരോ വെർതെ ...പറഞ്ഞ്ണ്ടാക്കീത്.'

'തെണ്ടികൾ... അവന്റെയൊക്കെ...'

വീണ്ടും പുലമ്പൽ തുടർന്നു.

'വരേണ്ടായിരുന്നു... ആദ്യമായിട്ട് അവള് വന്നതാ...' സുഭദ്രേച്ചി വിഷമത്തോടെ പറഞ്ഞു.

'എനിക്കൊന്നുല്ല്യ ചേച്ചി...'

'അതേയ്... കുട്ടികൃഷ്ണാ, ഒരു ഓട്ടോ വിളിച്ചു തരാമോ? ഞങ്ങക്ക് പോകാൻ....'

'ഞാനൂണ്ട് സുഭദ്രേച്ചി... വീട്ടിലേക്ക്...'

സുഭദ്രേച്ചി എന്നെ നോക്കി,

'നീ വരുന്നുണ്ടോ? ങ്ഹേ... അത്ഭുതാണല്ലോ....'

രേഖ എന്നെ നോക്കി നേരിയ ഒരു പുഞ്ചിരി തൂകി.

'ഒരു ചായ കുടിച്ചിട്ട് പോകാല്ലേ, സുഭദ്രേച്ചി?'

ഞാൻ ക്ഷണിച്ചു.

'വേണ്ട, കുട്ടികൃഷ്ണാ...'

'ഒരു ചായയല്ലേ... വരൂ... കുടിച്ചിട്ട് പോകാം.ന്നേ..'

'വെറുതെ ഓരോന്ന് പറഞ്ഞിട്ട്.... ആർക്കൊക്കെ എന്തൊക്ക്യാ പറ്റീത്... കഷ്ടം...ഇങ്ങനെയും ഉണ്ടല്ലോ ഓരോരുത്തർ...'

സുഭദ്രേച്ചി നടക്കുമ്പോൾ പറഞ്ഞു.

'അതേ...'

'എന്തൊക്കെ നഷ്ടങ്ങളാ... അല്ലേ വരുത്തിവയ്ക്കണത്...'

'അതേ...'

'എന്തൊക്കെ... ആർക്കൊക്കെ പറ്റിട്ടുണ്ടാവും... കണ്ടില്ലേ രേഖയ്ക്ക്...'

'അതൊക്കെ ചെറുതായിട്ടല്ലേയുള്ളൂ ചേച്ചി... എന്നാൽ അതുകൊണ്ട് നഷ്ടപ്പെട്ടത് ചിലർക്ക് ഹൃദയം വരെയല്ലേ.........'

അവസാനം പതുക്കെ പറഞ്ഞത് സുഭദ്രേച്ചിക്ക് മനസ്സിലായില്ല.

'എന്താ... നീ പറഞ്ഞേ...'

'ഒന്നൂല്ല്യ...'

അതുപറഞ്ഞ് രേഖയെ നോക്കുമ്പോൾ അവൾ ലജ്ജയാൽ ചുവന്നുതുടുത്ത് ഒരു പൂവായി വിടരുന്നത് കണ്ടു. ●

# പ്രണയമരം



സലീന സലാവുദീൻ



**ലോ**ക മഹായുദ്ധം രണ്ടാമത്തെ അദ്ധ്യായത്തിൽ പ്രവേശിച്ചു. യൂറോപ്പ് മുഴുവൻ യുദ്ധത്തിന്റെ ഭീതിയിലും ഇരുണ്ട് മൂടിയ മേഘങ്ങളുടെ നിഴലിലും ആയിരുന്നു. എവിടേയും വെടിയൊച്ചകളും ബോംബ് സ്ഫോടനങ്ങളും മാത്രം. നിലവിളിക്കുന്ന കുഞ്ഞുങ്ങളും കൈകാലുകൾ നഷ്ടപ്പെട്ടവരും വേദനയോടെ പിടയുന്ന കാഴ്ചകൾ ഭീതി പരത്തി.

ഫ്രാൻസിലെ ഒരു ചെറുപട്ടണ പ്രദേശമാണ് അർലസ്. സായുധ സേനകളുടെ ബഹളങ്ങൾക്കിടയിലും അർലസ് ഒരു കുഞ്ഞു പച്ചപ്പുള്ള പ്രദേശമായിരുന്നു.

എലീസ്, അർലസിൽ നിന്നുള്ള ഒരു പാവപ്പെട്ട യുവതിയായിരുന്നു. അവളുടെ കുടുംബവും വീടും ബോംബ് സ്ഫോടനങ്ങളിൽ നഷ്ടപ്പെട്ട് നിരാലംബയായിരുന്നു. അവൾ ഭക്ഷണത്തിനായി ഒരു കിലോമീറ്റർ നീളുന്ന വരിയിലെ അവസാനത്തെ ആളായിരുന്നുവെങ്കിലും, അവളുടെ മുഖത്ത് ഒരു ക്ഷീണവുമില്ലായിരുന്നു. എല്ലാം നഷ്ടപ്പെട്ടവരിൽ ഒരാളായി അവളും വിശപ്പിനെ അടക്കാൻ നീണ്ട വരിയിൽ ക്ഷമയോടെ കാത്തുനിന്നു.

യുദ്ധത്തിന്റെ ഏറ്റവും രൂക്ഷമായ മുന്നേറ്റത്തിൽ ആയുധത്തിന് പകരം വൈദ്യസഹായവുമായെത്തിയ ഡോ. നഥാൻ ഒരു യുദ്ധസേനാ ഡോക്ടറായിരുന്നു. നഥാൻ തന്റെ ആശുപത്രിയിലേക്കുള്ള വഴിയിൽ കാറോടിച്ചു പോകവേ ഭക്ഷണത്തിനായി നീണ്ട വരിയിൽ നിൽക്കുന്ന അവസാനത്തെ പെൺകുട്ടിയെ ശ്രദ്ധിച്ചു. നീലക്കണ്ണുള്ള എലീസിനെ ആദ്യമായി കണ്ടപ്പോൾ തന്നെ അവളുടെ കണ്ണുകളിൽ ഒരു നീലാകാശം കാണാൻ കഴിഞ്ഞു.

ഒരു ദിവസം, നഥാന്റെ മെഡിക്കൽ ക്യാമ്പിൽ പരിക്കേറ്റ് കിടന്ന വയോധികനെ നോക്കാനായി എലീസ് എത്തി. അതിനു പിന്നാലെ അവൾ സന്നദ്ധപ്രവർത്തകയായി ചികിത്സാ ക്യാമ്പിൽ പ്രവർത്തിക്കാനും തുടങ്ങി. കാലത്തിനൊപ്പം, നഥാനും എലീസും തമ്മിലുള്ള സൗഹൃദം സ്നേഹത്തിലേക്ക് വളർന്നു. യുദ്ധത്തിന്റെ വെടിയൊച്ചകളുള്ള അന്തരീക്ഷത്തിൽ പ്രണയത്തിന്റെ ഒരു കുഞ്ഞു നിഴൽ ഇരുവർക്കും ആശ്വാസമായി.

നഥാനും എലീസും ചില രാത്രികളിൽ ക്യാമ്പിൽ നിന്ന് പുറത്ത് കടന്ന് ചെറിയൊരു ഗോഡൗണിലെത്തി ഒരുമിച്ച് ചായ കുടിച്ച് സംസാരിക്കുമായിരുന്നു.

ഒരു രാത്രി, നഥാൻ ചോദിച്ചു:

"എലീസ്, നിന്റെ ഈ കരുത്തിന്റെ ഉറവിടം എവിടെയാണ്?"

അവൾ മൃദുവായി ചിരിച്ചു:

"യുദ്ധം എനിക്ക് എന്റെ മണ്ണിനെയും കുടുംബത്തേയും തട്ടിയെടുത്തു. എങ്കിലും എന്റെ ഹൃദയത്തെ ഒന്നും കീഴടക്കാൻ സാധിച്ചിട്ടില്ല."

അതിജീവിച്ചേ മതിയാകൂ.

യുദ്ധത്തിന്റെ വെടിയൊച്ചയിലും പരിക്കേറ്റവരേയും മരിച്ചവരേയും കൊണ്ട് ക്യാമ്പ് മുഴുവൻ നിലവിളിയൊച്ച ഉയരുമ്പോഴും രക്തം വാർന്നൊഴുകുന്ന ശരീരത്തെ ചേർത്ത് പിടിച്ചു സാന്ത്വനവുമായി നഥാനും എലീസും ഒരുമയോടെ പ്രവർത്തിച്ചു.



ആ പോരാട്ടത്തിനിടയിൽ വേദനാജനകമായ മരണവാർത്തയുമായി ഒരുദിവസം ആളുകൾ അവളെ സമീപിച്ചു. പക്ഷേ അവൾ വിശ്വസിച്ചില്ല. അവളുടെ ഹൃദയം ഉറപ്പിച്ചു പറഞ്ഞു.

"നഥാൻ തിരികെ വരും!"

പ്രണയത്തിന്റെ ഏറ്റവും വേദനാജനകമായ സ്മൃതിയിൽ രണ്ടാം ലോക മഹായുദ്ധത്തിന്റെ അവസാന കാലഘട്ടം. ഒരു ദിവസം പരിക്കുകളോടെ തളർന്ന് അവശയായ നഥാൻ എലീസ് താമസിക്കുന്നതിന് സമീപത്തെ പാതയിലെത്തി കുഴഞ്ഞു വീണു.

ആ കാഴ്ച്ച കണ്ട് എലീസയുടെ രണ്ടു കണ്ണുകളും നിറഞ്ഞൊഴുകി.

"ഞാൻ തിരികെ വരുമെന്നറിയില്ലേ ?" ഹൃദയം പിടയുന്ന വേദനയോടെ നഥാൻ പറഞ്ഞു.

എലീസ് ഒന്ന് കരഞ്ഞു, പിന്നെ ചിരിച്ചു. അവളുടെ കണ്ണുകളിലെ കണ്മണികൾ, പ്രണയത്തിന്റെ തീവ്രതയിൽ വിടർന്നു.

യുദ്ധമെല്ലാം അവസാനിച്ച ശേഷം, അവർ അർലസിന്റെ രക്തംമൂടിയ മണ്ണിൽ ഒരു ചെറു പച്ചക്കറി തോട്ടം വളർത്തി. മഴയും രക്തവും കൂടിക്കലർന്ന മണ്ണിൽ വിളഞ്ഞ പഴവർഗ്ഗങ്ങൾ അവൾ എല്ലാവർക്കും പകുത്തു നൽകിയിട്ട് പറഞ്ഞു:

"ഇവിടെ മരണം ഒരുനാൾ രാജാവായിരുന്നു. ഇന്ന് ജീവനും പ്രണയവും തന്നെയാണ് രാജാവ്."

യുദ്ധത്തിന്റെ കഥകൾക്കിടയിൽ, അവരുടെ ജീവിതം പ്രതീക്ഷയുടെ ഒരു പച്ചപ്പായി മാറിയിരുന്നു. ഇത് അവരുടെ യുദ്ധത്തിന്റെ അനശ്വര വിജയമായിരുന്നു.

അർലസിൽ ശാന്തി തിരികെ കിട്ടുന്നതിനായി യുദ്ധം അവസാനിച്ചതോടെ തന്നെ ജനങ്ങൾ ഒന്നിച്ച് അവശിഷ്ടങ്ങൾ ശുചീകരിക്കുകയും പുതിയ ജീവിതത്തിന് തുടക്കം കുറിക്കുകയും ചെയ്തു തുടങ്ങിയിരുന്നു. എലീസും നഥാനും പുതിയ ഒരു വീട്ടിൽ താമസം തുടങ്ങുകയും പാരീസിലെ സായുധ സ്നേഹത്തിന്റെയും കരുണയുടെയും ഒരു പ്രതീകമായി അവരെ പരിഗണിക്കപ്പെടുകയും ചെയ്തു.

യുദ്ധകാലത്ത് ആരോ ഉപേക്ഷിച്ച മാങ്ങയുടെ ഒരു പഴയ വിത്ത് കണ്ടുകിട്ടിയ എലീസ്, അത് നഥാനെ കൊണ്ട് വീടിനടുത്ത്

നട്ടു.

"ഈ മരം വളർന്ന് വലിയ ഒരു പ്രാർത്ഥനയുടെ കരുത്തുണ്ടാകണം," എലീസ് പറഞ്ഞു.

നഥാൻ ചിരിച്ചു:

"ഈ മരത്തിൽ പൂക്കൾ വിരിയുമ്പോൾ, ലോകം മുഴുവൻ നമ്മുടെ വിചിത്രമായ പ്രണയകഥ ചൊല്ലി ആളുകൾ ചിരിക്കണം.'

നാളുകൾ കഴിഞ്ഞു എലീസിന് ഒരു ആൺകുഞ്ഞ് പിറന്നു. അവനെ അവർ "ഗബ്രിയേൽ" എന്ന് പേരിട്ടു വിളിച്ചു.

അതിന്റെ അർത്ഥം "ദൈവത്തിന്റെ സന്ദേശം" എന്നാണ്.

ഗബ്രിയേലിന്റെ പിറവി, യുദ്ധത്തിന്റെ ആഴവും മുറിവും മറക്കാനുള്ള ശക്തിയായിരുന്നു.

നാഥാൻ ഒരു ദിവസം എലീസയോട് പറഞ്ഞു:

യുദ്ധവും പ്രണയവും ഒത്തുചേരുമ്പോൾ മനുഷ്യരുടെ ഹൃദയം എത്ര വലിയൊരു ലോകം സൃഷ്ടിക്കുമെന്ന് നമ്മുടെ മകന് ഒരു ഉറക്കുപാട്ടിന്റെ ഈണത്തിൽ പാടികേൾപ്പിക്കണം. ആ പാട്ടിന്റെ കഥ അവൻ വളരുമ്പോൾ അറിഞ്ഞിരിക്കണം.

പ്രതീക്ഷയുടെ ദിനങ്ങൾ കടന്നു പോകവേ, ആ മാങ്ങാമരം(മാവ്) വളർന്ന് പന്തലിച്ച് അതിൽ ആദ്യമായൊരു പൂവ് വിരിഞ്ഞു. അവർ വളർത്തിയ മരത്തിന്റെ അരികിൽ ഇടവിടാതെ ഏഴോളം പ്രജനനം പടർന്ന് ആലയത്തിന്റെ ഭാഗങ്ങളിലെക്കു വ്യാപിച്ചിരുന്നു. എലീസും നഥാനും, ആ മരത്തിന് പ്രണയമരം എന്ന് പേരിട്ടു. ഇവിടെ എത്തുന്നവർ, പ്രണയത്തിന്റെയും വിശ്വാസത്തിന്റെയും കഥകൾ പറയട്ടെ.

പ്രണയമരത്തിന് ചുറ്റുമുള്ള ഗ്രൗണ്ടിൽ ഒരു ചെറിയ പുസ്തകശാല എലീസും നാഥാനും സ്ഥാപിച്ചു. "പ്രണയത്തിന്റെയും പ്രതീക്ഷയുടെയും പാഠശാല" എന്ന് പേരിട്ട ആ സ്ഥാപനത്തിൽ, തീവ്രമായ യുദ്ധകാലത്തെയും അതിൽ നിന്ന് കരകയറിയ മനുഷ്യരുടെയും കഥകൾ പഠിപ്പിച്ചു. അവർ കുട്ടികളെയും യുവജനങ്ങളെയും പഠിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു.

"യുദ്ധത്തിന്റെ നാശം എന്താണ്?

പ്രണയം എങ്ങനെ ദുർഘട സാഹചര്യങ്ങളിൽ പോലും വളരുന്നത്?

നന്മയെ നമിക്കാൻ മനസ്സ് ശക്തമാക്കേണ്ടത് എന്തുകൊണ്ടാണ്?നഥാൻ പറഞ്ഞു.

'ലോകം പുനർനിർമിക്കുന്നതിനെ കുറിച്ച് നമ്മളെന്തെങ്കിലും ചിന്തിക്കണമെങ്കിൽ, അതിന്റെ ആദ്യഘട്ടം കുറഞ്ഞത് വേദനയുടേയും സങ്കീർണതയുടേയും പാഠങ്ങൾ പുതിയ തലമുറയ്ക്കു പകർന്നു നൽകുക എന്നതാണ്."

രക്തം മുറിഞ്ഞൊഴുകിയ മണ്ണിൽ പിറന്ന ഗബ്രിയേൽ, വളർന്നപ്പോൾ പിതാവിന്റെ പ്രചോദനം ഉൾക്കൊണ്ടിരുന്നു.

"ഞാൻ യുദ്ധത്തിന്റെ കഥകൾ കേട്ടുകൊണ്ട് വളർന്നപ്പോഴാണ്, എനിക്കൊരു നല്ല ലോകം സൃഷ്ടിക്കാനുള്ള ആഗ്രഹം ശക്തമായത്," ഗബ്രിയേൽ പറഞ്ഞു.

ഗബ്രിയേൽ സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമായി മാറി, കലയും സാഹിത്യവും പ്രണയത്തിന്റെ ശക്തി വാഴ്ത്തുന്നവയായി രൂപീകരിച്ചു. "യുദ്ധം അവസാനിപ്പിക്കാനുള്ള കല" എന്ന ഒരു ചലച്ചിത്ര പദ്ധതിയും അദ്ദേഹം ആരംഭിച്ചു.

പ്രണയമരം വലിയൊരു കാട് പോലെ വളർന്നു വ്യാപിച്ചു. പലരും ആ സ്ഥലത്തെ "മരണം തോൽപ്പിച്ച മരുഭൂമി" എന്ന് വിളിച്ചു തുടങ്ങി. ആ പ്രദേശം ഇന്ന് മൺമറഞ്ഞ മനുഷ്യർക്ക് ഒരു സ്മാരകമാണ്. പ്രണയത്തിന്റെയും കരുണയുടെയും ഒരു തൂണുമരമാണ്. പുതിയ തലമുറയ്ക്കുള്ള ശാന്തി പഠന കേന്ദ്രമാണ്.

ഏറെ വർഷങ്ങൾക്ക് ശേഷം നഥാനും എലീസും വൃദ്ധരായി പ്രണയമരത്തിന് ചുവട്ടിൽ ഇരുന്ന് അവരുടെ ജീവിതത്തെ ഒരു ആശ്വാസത്തോടെ നോക്കികണ്ടു.

"നഥാൻ, ഈ പ്രണയമരം ആരുടേതാണ്?"

എലീസ് ചിരിച്ചുകൊണ്ട് പറഞ്ഞു:

"ഇത് നമ്മുടെതല്ല, ഇത് എല്ലാരുടേയും സ്വപ്നങ്ങളുടേതാണ്. പ്രണയം, ത്യാഗം, കരുണ, പ്രതീക്ഷ ഇതെല്ലാം ഒരുമിച്ചാണ് ഇതിന്റെ വളർച്ച."

വർഷങ്ങൾ കഴിഞ്ഞു എലീസും നഥാനും അന്തരിച്ചതിന് ശേഷം പ്രണയമരം, അവരുടെ ജീവിതത്തിന്റെ സ്മരണയായി നിലകൊണ്ടു. അവരുടെ ഗ്രാമം അർലസ്, ഇന്ന് "പ്രണയത്തിന്റെ ഗ്രാമം" എന്ന് അറിയപ്പെടുന്നു.

ഗബ്രിയേൻ ഇതിനോടകം തന്റെ ഗ്രാമത്തിനേയും പ്രണയമരത്തിനേയും ചേർത്ത് പിടിച്ചു ചലച്ചിത്ര ലോകത്ത് അത്ഭുതങ്ങൾ സൃഷ്ടിച്ചു മുന്നേറിക്കൊണ്ടിരുന്നു.

●

# ഒരു പൈപെസ ചെടി പറഞ്ഞ കഥ



അജീഷ്മോൻ

ഒരിക്കൽ നിന്റെ ഭൂമിയിൽ വേരുറപ്പിക്കാൻ ഞാൻ അതിയായി ആഗ്രഹിച്ചു.

പക്ഷെ അന്നെന്നിൽ ഭംഗിയുള്ള ഇലച്ചാർത്തുകൾ ഇല്ലായിരുന്നു. ആരെയും കൊതിപ്പിക്കുന്ന മുഖകാന്തിയില്ലായിരുന്നു. ആകെ പ്രതീക്ഷകൾ വറ്റിവരണ്ട് മരണത്തെ കാത്ത് കിടക്കുന്ന മെലിഞ്ഞൊട്ടിയ ശരീരം മാത്രം. അതുകൊണ്ടാവും ദയ ലേശമില്ലാതെ എന്നെ നീ ആ ഏകാന്ത തടാകത്തിലേക്ക് വലിച്ചെറിഞ്ഞത്.

അന്ന് ഞാൻ കരുതി എന്റെ അവസാനമായെന്ന്. ഏകാന്ത തടാകത്തിന്റെ ഓളപരപ്പിൽ കിടന്ന് മൃത്യുവിനെ പുൽകാനാണ് എന്റെ വിധിയെന്ന്.

പക്ഷെ അപ്പോഴും ആ തകർന്ന ശരീരത്തിനുള്ളിലും വിധിയോടുപോലും പോരാടാനുള്ള ഒരു മനസ്സുണ്ടായിരുന്നെനിക്ക്. ആഞ്ഞടിക്കുന്ന കാറ്റിന്റെ ശക്തിയിൽ ഏകാന്ത തടാകത്തിലെ ഓളങ്ങളിൽ കിടന്ന് തട്ടികളിക്കപെടുമ്പോഴും നല്ലൊരു നാളെക്കായി ഞാൻ പരിശ്രമിച്ചുകൊണ്ടേയിരുന്നു. നിരന്തരമായ പരിശ്രമത്തിനൊടുവിൽ മെലിഞ്ഞൊട്ടിയ ശരീരത്തിൽ നിന്ന് ആദ്യ വേര് പൊട്ടി പുറത്തുവന്നു. അവ എനിക്കുവേണ്ടി ലക്ഷ്യമില്ലാതെ ജലോപരിതലത്തിൽ അലഞ്ഞു തിരിഞ്ഞു. പോകും വഴി കിട്ടിയ ഭക്ഷണവും ലവണവും എനിക്കായി സമർപ്പിച്ചു. അങ്ങനെ വീണ്ടും വീണ്ടും എന്നിൽ നിന്ന് ഇടതടവില്ലാതെ വേരുകൾ പൊട്ടൻ തുടങ്ങി. ഓരോ വേരുകൾ പൊട്ടുമ്പോഴും ഓരോ ചില്ലകളും എന്നിൽ നിന്ന് ഉടലെടുത്തു. ക്രമാതീതമായ ഉടലെടുത്ത വേരുകൾ ഏകാന്ത തടാകത്തിന്റെ ഉപരിതലത്തെയും മാധ്യതലത്തെയും ഭേദിച്ച് അടിത്തട്ടിൽ പരന്നു കിടന്ന ചെളിമണ്ണിൽ മുത്തമിട്ടു. എന്റെ ചില്ലകൾ ജലോപരിതലത്തിലൂടെ സഞ്ചരിച്ചു ചുറ്റിലും കണ്ട വൃക്ഷങ്ങളിലും ചെടികളിലും പറ്റിപിടിച്ചു കയറി. ഒടുവിൽ ഏകാന്ത തടാകം എന്റെ വേരുകളാലും കരഭൂമി എന്റെ ചില്ലകളാലും തിങ്ങിനിറഞ്ഞു. എന്റെ ഇലകൾക്ക് ഹരിതവർണമായിരുന്നു. ആരെയും ആകർഷിക്കുന്ന തരത്തിൽ അവ തന്റെ സൗന്ദര്യം പുറംലോകത്തിന് കാട്ടി കൊടുത്തു. ഇടക്കെപ്പോഴോ എന്നിൽ അടക്കം ചെയ്തിരുന്ന ആഗ്രഹങ്ങൾ ഹരിതവർണ ഇലചാർത്തുകളിൽ ശീതവർണ രേഖകളായി പ്രത്യക്ഷപെട്ടു. അത് വീണ്ടും എന്നിലെ സൗന്ദര്യത്തിന്റെ മാറ്റ് കൂട്ടിയതേയുള്ളു.

എന്റെ ഭംഗിയെ കണ്ടാസ്വദിക്കാൻ ഏകാന്ത തടാക കരയിൽ ആൾക്കൂട്ടം എത്തിതുടങ്ങി. ഒരിക്കൽ ആൾക്കൂട്ടത്തിനിടയിൽ അവളും വന്നു. അവൾക്കെന്നെ മനസ്സിലായില്ല ആൾക്കൂട്ടത്തിൽ ദൂരെ മാറി നിന്ന് എന്നിലെ സൗന്ദര്യത്തെ കൺകുളിർക്കേ അവൾ കണ്ടാസ്വദിച്ചു. അടുത്ത് വരാൻ അവസരം കിട്ടിയപ്പോൾ മടിച്ചുനിൽക്കാതെ അവൾ എന്റെ അടുക്കലേക്ക് വന്നു. എന്റെ ശിഖരങ്ങളെ അവളുടെ മൃദുലമായ കൈകളാൽ പുൽകി. എന്റെ ഇളം ഇതളുകളിൽ അവളുടെ കവിൾതടം ഉരസി അതിന്റെ സുഖം അനുഭവിച്ചു. അതെല്ലാം ഞാൻ ആർത്തിയോടെ നോക്കി കണ്ടു. ഒടുവിൽ അവൾ മടങ്ങാൻ നേരം ഞാൻ എന്നിലെ ജീവന്റെ ഒരംശത്തെ അവൾക്ക് സമ്മാനിച്ചു. സന്തോഷപൂർവം എന്നെ കൈകുമ്പിളിലാക്കി അവൾ വീട്ടിലേക്ക് നടന്നകന്നു. അവളുടെ കിടപ്പുമുറിയുടെ ഒഴിഞ്ഞയൊരു കോണിൽ ചില്ലുകുപ്പിയിൽ നിറച്ച ജലത്തിൽ എന്റെ അംശത്തിനൊരു സ്ഥാനം നൽകി. ഞാൻ പകർന്നു നൽകിയ ധൈര്യമാവാം ആ ജീവനും പരിധി നിശ്ചയിച്ച ചില്ലുകുപ്പിക്കുള്ളിൽ തന്റെ വേരുകളെ വ്യാപിപ്പിച്ചു. പുതിയ ശിഖരങ്ങൾക്ക് ജീവൻ കൊടുത്തു. പുതുതായി മുളച്ചുവന്ന ഓരോ ശിഖരത്തിനും അവൾ ആ കിടപ്പറയിൽ സ്ഥാനം നൽകി. ഒടുവിൽ എന്നെന്നേക്കുമായി അവളാകുന്ന ഭൂമിയിൽ ഞാൻ എന്റെ വേരുകൾ ആഴത്തിൽ പതിപ്പിച്ചു. എന്നിൽ ഉടലെടുക്കുന്ന ഓരോ തളിരിലകളും ഓരോ ചില്ലകളും അവളെ സംതൃപ്തയാക്കി. അതിലൂടെ ഞാൻ എന്റെ ജീവിത നിയോഗവും കണ്ടെത്തി

# ഓർമ്മകളിൽ



അനിൽ
മണ്ണത്തൂർ

എന്തെന്നില്ലാത്ത ക്ഷീണം, രഘു വാച്ചിലേക്ക് നോക്കി സമയം ആറുമണി സൂര്യൻ പൂർണമായും അസ്തമിച്ചിരിക്കുന്നു. പല നിറത്തിലുള്ള ബൾബുകളുടെ പ്രകാശത്താൽ ആശ്രമത്തിൽ സന്ധ്യയുടെ ഒരു ലക്ഷണവുമില്ല. ഇന്നലെ വൈകുന്നേരം വീട്ടിൽ നിന്ന് ഇറങ്ങിയതാണ്, രാവിലെ ആശ്രമത്തിൽ എത്തിയെങ്കിലും ഇതുവരെ അമ്മയുടെ ദർശനം കിട്ടിയില്ല, അതിന് രാത്രിയാവും.

വയനാട്ടിലെ കാടരികിലെ പൂന്തോട്ടവും ഗോശാലയും പക്ഷികൂടുകളും ചെറുഅരുവികളും കുളങ്ങളുമായി വിസ്തൃതമായ ആശ്രമം എന്ത് മനോഹരം. ആയിരകണക്കിനാളുകൾ നിത്യ സന്ദർശനം നടത്തുന്ന ഇവിടെ ഏകദേശം നാല് വർഷമേ ആയിട്ടുള്ളു, എത്ര പെട്ടനാണ് ഈ വികസനം.

ബിരുദാനന്തര ബിരുദം കഴിഞ്ഞ് പന്ത്രണ്ട് വർഷമായിട്ടും ജോലിയോ, വിവാഹമോ ശരിയാകാത്ത രഘുവിനെ ഭുവനേശ്വരി മാതാവിന്റെ അനുഗ്രഹത്തിനായ് കൊണ്ടുവന്നതാണ് രാധമ്മ. ആശ്രമത്തിലെ നിത്യ സന്ദർശകയായ അയൽവാസി ദേവകിയേച്ചിയാണ് അവരെ ഇവിടെ എത്തിച്ചത്, കുട്ടിക്കാലത്തെ ഇവരിൽ ദൈവീക ശക്തി ഉണ്ടെന്നാണ് ദേവകിയേച്ചി പറയുന്നത്.

:'രഘു, നമുക്ക് ദർശന ഹാളിലേക്ക് ഇരിക്കാം'

:'സമയമായോ?'

:'ഇല്ല ഹാളിൽ കയറാനുള്ള അനുമതിയായ്, എന്നിട്ട്

കുറെ കഴിഞ്ഞാൽ അമ്മയുടെ അടുത്തേക്ക് വിളിക്കും.'

അവർ പതുക്കെ ഹാളിലേക്ക് കയറി,

അവിടെ ഒരു ഏകദേശം മുന്നൂറ് പേരുണ്ട്. മാർബിൾ വിരിച്ച ചുമരിൽ നിറച്ചും ചിത്രങ്ങൾ ഉള്ള മനോഹരമായ ഹാൾ.

അപ്പോഴാണ് സ്റ്റേജിൽ ഇരിക്കുന്ന ഭുവനേശ്വരി അമ്മയുടെ മുഖം അവൻ ശ്രദ്ധിച്ചത് ഇരുനിറം, തിളങ്ങുന്ന കണ്ണുകൾ, തല മൊട്ടയടിച്ചതാണെങ്കിലും എന്തൊരു ആകർഷണീയത.

ഒരു മധ്യവയസ്കയെയാണ് രഘു കരുതിയത്, പക്ഷെ ഇതൊരു ചെറുപ്പക്കാരി അവൻ വീണ്ടും വീണ്ടും ഭുവനേശ്വരി അമ്മയെ നോക്കി.

നല്ല പരിചയം മനസ്സിൽ തങ്ങി നിൽക്കുന്ന രൂപം.

അവൾ ആരാ.....

എത്ര ചിന്തിച്ചിട്ടും അവനോർമ വരുന്നില്ല.

അവന്റെ തുറിച്ചുനോട്ടം കണ്ട് ദേവകിയമ്മ അവനെ നുള്ളി വിളിച്ചു.

:' നീ എന്താ ഇങ്ങനെ നോക്കുന്നത്?'

അവൻ ഒന്നും മിണ്ടിയില്ല.

ഇത് രാധയല്ലേ എൻറെ പഴയ സ്കൂൾ കൂട്ടുകാരി....! അവനോർത്തു.

അവന്റെ മനസ്സ് പതുക്കെ പുറകോട്ടു നിങ്ങാൻ തുടങ്ങി..

സ്കൂളിൽ പഠിക്കുമ്പോൾ തന്നേക്കാൾ പഠിക്കുന്ന രാധ, അധ്യാപകരൊക്കെ അവളെ കൂടുതൽ ശ്രദ്ധിക്കുന്നു. അതെ അവളോട് ചെറിയ കുശുമ്പായിരുന്നു, ഹൈസ്കൂളിൽ എത്തിയപ്പോൾ നല്ല സൗഹൃദം. അത് പരിണാമപ്പെട്ട് പ്രണയമായത് അവന് പോലുമറിഞ്ഞിരുന്നില്ല.

ഹൈസ്കൂൾ കാലശേഷം അവൾ മലപ്പുറത്തെ കോളജിൽ പോയപ്പോൾ രഘുവിന്റെ കുടുംബം അച്ഛന്റെ നാടായ വർക്കലക്ക് മടങ്ങി.

രാധ മനസ്സിലുണ്ടായിരുന്നോ,

അറിയില്ല.

ബിരുദ പഠന കാലത്ത് ഗുരുവായൂരിൽ വെച്ച് കണ്ട പഴയ ചങ്ങാതി ശശിയിൽ നിന്ന് കേട്ട വിവരം അത്ര സുഖമായിരുന്നില്ല. കോളേജിലെ തെമ്മാടികളുടെ ആക്രമണത്തിന് വിധേയയായ രാധ അകത്ത് അടച്ചിരിക്കുകയായിരുന്നത്രേ, ബുദ്ധി നഷ്ടപ്പെട്ട അവളെയും അമ്മയെയും ഏതോ ബന്ധു കൂട്ടി കൊണ്ടുപോയിരുന്നു.

ഏത് അർദ്ധരാത്രിയിലും രഘുവിന് അവളെ അറിയും.അതെ, ആ രാധ തന്നെയാണ് ഈ മനുഷ്യ ദൈവം! ●



**ലേഖനം**

# കാഴ്ച

## ഓൺലൈൻ പ്രഭാതങ്ങൾ

മെട്രോ പാഞ്ഞു പോകുന്ന ശബ്ദം കാതുകളിൽ തുളച്ചു കയറുന്നു.

പെട്ടെന്ന് മൊബൈലിൽ നോട്ടിഫിക്കേഷൻ വന്നതിന്റെ റിംഗ് ടോൺ കേട്ട് കണ്ണുകൾ പോലും തുറക്കാതെ മൊബൈൽ പരതുന്നു. നിത്യേനേ മൊബൈൽ ഫോണിനെ കണി കണ്ടുണരുന്ന ഒരു കൂട്ടം ചിലർ.. ആ ചിലരെ മാത്രമാണ് ഇവിടെ വിരൽചൂണ്ടുന്നത്.

വേഗം ഫേസ്ബുക്ക് തുറന്നു ഇന്നലെ അയച്ച സന്ദേശങ്ങൾക്ക് മറുപടി വന്നിട്ടുണ്ടോ എന്ന് പരിശോധിക്കുകയും തന്റെ പ്രൊഫൈലിൽ ഇട്ടിരിക്കുന്ന ഫോട്ടോ മാറ്റി വെറെ ഫോട്ടോ ഇടാനുള്ള സമയമായോ എന്നും ചിന്തിക്കുന്നു.

ഇവരൊക്കെ രാവിലെ പല്ലുതേക്കുന്നതു പോലും ഫെയ്സ്ബുക്കിലോ ഇൻസ്റ്റഗ്രാമിലോ ലൈവിലൂടെ ആണെന്ന് തോന്നിയിട്ടുണ്ട്.

പല്ലുതേച്ച് കഴിഞ്ഞ് കുറച്ചു വെള്ളം കൊണ്ട് മുടി ഒതുക്കി രണ്ടുമൂന്നു സെൽഫി എടുത്ത് ഉടനെ തന്നെ ഫ്രഷ് സ്റ്റാർട്ട്, ഫ്രഷ് വൈബ്സ് എന്ന ക്യാപ്ഷനും കൊടുത്ത് പോസ്റ്റ് ചെയ്യുന്നു.

ഇങ്ങനെ തുടരുന്നു ഇക്കൂട്ടരുടെ പ്രഭാതങ്ങൾ. കണ്ണാടിയിൽ സ്വന്തം മുഖത്തേക്ക് നോക്കാൻ കൂടെ സമയമില്ല ചിലപ്പോൾ വരുന്ന സന്ദേശങ്ങളുടെ മറുപടി വൈകിപ്പോയാലോ...



ഇവരുടെ സോഷ്യൽ മീഡിയയും ശരിക്കുമുള്ള പ്രവർത്തികളും തമ്മിൽ യാതൊരു ബന്ധവുമില്ല.

ലൈക്കുകളുടെ എണ്ണവും കമന്റുകളും നോക്കുവാൻ ശ്വാസമെടുക്കുന്നതു പോലെ ഫെയ്സ്ബുക്കിലും വാട്സാപ്പിലും ഇൻസ്റ്റഗ്രാമിലും കയറിയിറങ്ങികൊണ്ടിരിക്കും.

ഫോട്ടോ എടുക്കുന്നതിലും അത് പോസ്റ്റ് ചെയ്യുന്നതിലും ഹരം കണ്ടെത്തുന്നവർ സമൂഹത്തിലെ വാർത്തകളെക്കുറിച്ചോ ചുറ്റും നടക്കുന്ന ആക്രമണങ്ങളെക്കുറിച്ചോ അറിയുന്നില്ല.



**ഐശ്വര്യ ഭൂമിക.**

ഈ സോഷ്യൽ മീഡിയയ്ക്ക് നമ്മുടെ ഒരു നേരത്തെ വിശപ്പിനുള്ള ഭക്ഷണം തരാൻ കഴിയില്ലെന്ന് എന്നാണ് ഇവർക്ക് മനസിലാകുക.

അമ്പലത്തിലെ ഭക്തിഗാനവും അതിനോടൊപ്പം ജനാലപ്പടിയിൽ വന്നിരുന്നു ചിലയ്ക്കുന്ന കിളികളുടെ ശബ്ദത്തോടെയുള്ള പ്രഭാതങ്ങൾ എന്നും മനസിനെ കുളിരണിയിപ്പിക്കുന്നതാണ്.

മൊബൈൽ ഫോണിന് മുൻഗണന കൊടുക്കാതെ ഓരോ പ്രഭാതത്തിലും കണ്ണുകൾ തുറന്ന് ജീവനോടെ ഈ ഭൂമിയിൽ ജീവിക്കുന്നതിന് ദൈവത്തിനോട് നന്ദി പറഞ്ഞ് സ്വന്തം കാര്യങ്ങൾ ചിട്ടയായി ചെയ്ത് ശീലിക്കുന്നവർ ഇന്ന് വളരെ ചുരുക്കമാണ്.

പ്രഭാതങ്ങൾ മാത്രമല്ല പകലുകളും രാത്രികളുമെല്ലാം ഓൺലൈനുകളിൽ മാത്രം ഒതുങ്ങി പോകാതെ നമുക്ക് ചുറ്റുമുള്ള ലോകത്തേക്ക് കണ്ണോടിക്കുക. തന്റെ സ്വപ്നങ്ങളിലേക്ക് പറന്നടുക്കാൻ കഷ്ടപ്പെടുന്ന മനഷ്യപറവകളെ കാണുക.

പരാജയങ്ങളിൽ അപമാനിക്കപ്പെട്ടിട്ടും ജീവിതത്തോട് തോൽവി സമ്മതിക്കാത്ത ധീരരെ നോക്കുക. തന്റെ ലക്ഷ്യങ്ങളിലേക്ക് ക്ഷമയോടെ നടന്നടുക്കുക.

ഓരോ പ്രഭാതത്തിലും ഉണരുന്ന നമ്മുടെ മനസ് ഒരു വെള്ളപേപ്പർ പോലെയാണ് തികച്ചും ശൂന്യമായിരിക്കും. ആ ദിവസം ആദ്യം ആ പേപ്പറിൽ എന്താണ് പതിയേണ്ടതെന്ന് തീരുമാനിക്കുന്നത് നമ്മളാണ്.

നിങ്ങളുടെ ലക്ഷ്യങ്ങൾ എഴുതൂ.

അതിലേക്കുള്ള ശരിയായ വഴികളെക്കുറിച്ച് ചിന്തിക്കൂ. അതിൽ എത്തിപ്പെടൂ....

ലേഖനം

# എ ഐ മാറ്റങ്ങളുടെ ലോകം





നുഷറ. സി എച്ച്

**ക**ണ്ണഞ്ചിപ്പിക്കുന്ന വേഗതയിലാണ് മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് അതിനൊപ്പം സഞ്ചരിക്കാൻ മനുഷ്യന് കഴിയാതെയാവുന്നു എന്നൊരു പ്രശ്നം കൂടിയുണ്ട് .

അക്ഷരം പഠിക്കാത്തവൻ അറിവില്ലാത്തവൻ എന്നെല്ലാം പറഞ്ഞ് തഴയപ്പെട്ടിരുന്ന കഴിഞ്ഞ കാലത്തിൻറെ അറിവിന്റെ അതിരുകൾക്കകത്തേക്ക് ഇന്ന് ആധുനിക സങ്കേതങ്ങൾ അറിയാത്ത മനുഷ്യർ മാറിപ്പോകുന്നു .

മാറിയ കാലത്തെ കമ്പ്യൂട്ടർ സാക്ഷരത എന്നൊരു പുതിയ തലം കൂടി സൃഷ്ടിച്ചുകൊണ്ട് അത് മനസ്സിലാകാത്തവർ അത് അറിയാൻ കഴിയാത്തവർ എല്ലാം പുറന്തള്ളപ്പെട്ടു പോകുന്ന ഒരു അവസ്ഥയുണ്ട് കുറച്ചൊക്കെ ഇത്തരം സംവിധാനങ്ങളുമായി ബന്ധപ്പെടാൻ കഴിയുന്ന മനുഷ്യർക്ക് പോലും Ai അതിന്റെ ഭാഗമായി രൂപപ്പെട്ടുവരുന്ന ഒരുപാട് സാധ്യതകളും അതൊക്കെ ഉപയോഗിച്ചുകൊണ്ട് ലോകം മുന്നോട്ട് പോകുന്ന ഒരു അവസ്ഥയും, ഇതിനെല്ലാം ഒപ്പം സഞ്ചരിക്കാൻ പാകത്തിന് സാധാരണ മനുഷ്യർ വളർന്നെത്തുന്നില്ല . കഴിഞ്ഞ കാലത്തെ അറിവില്ലായ്മയുടെ ഭാഗമായിട്ട് അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും കീഴ്പ്പെട്ട് മനുഷ്യൻ സഞ്ചരിച്ചിരുന്നെങ്കില് നാളെ ആധുനികകാലത്തെ സാങ്കേതികവിദ്യകളുടെ മുൻപിൽ ആയിരിക്കും ഒരുപക്ഷേ മനുഷ്യൻ മുട്ടുകുത്തി നിന്നിട്ട് അന്തം വിട്ടുപോവുക എന്നുകൂടി തോന്നുന്ന ഒരു അവസ്ഥയിലാണ് ഇന്ന് ലോകം സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. പാവപ്പെട്ടവരും അഗതികളും കഷ്ടപ്പെടുന്നവരുമായ , മനുഷ്യരുടെ പുരോഗതിക്ക് സാങ്കേതികവിദ്യ വളർന്നു വരണമെന്നും അവരുടെ ജീവിതത്തെ മാറ്റിമറിക്കുന്നതിന് അത് ഉപയോഗപ്പെടുത്തണം എന്നുമുള്ള ഒരു ചിന്തയ്ക്ക് പകരം മനുഷ്യനെ, അത്ഭുതപ്പെടുത്തിക്കൊണ്ട് അവന്റെ അറിവില്ലായ്മയെ ചൂഷണം ചെയ്തു കൊണ്ട് എങ്ങനെ കുറെ കൂടി സമ്പത്തിന്റെ കിരീടം ചൂടി സാമ്രാജ്യത്വ ശക്തികൾക്ക് ലോകത്തെയാകമാനം കീഴ്പ്പെടുത്തുന്ന രീതിയിലേക്ക് കാര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നുവെന്ന് പോലും ഭയക്കണം

## മനുഷ്യബുദ്ധി മരിച്ചുകൊണ്ടിരിക്കുന്നു യന്ത്രങ്ങൾ ജീവിക്കുന്നു

മാറിമറിഞ്ഞ കാലത്ത് അത്ഭുതകരമായ അവിശ്വസനീയമായ മാറ്റങ്ങളോടെ

മനസ്സുകൾകരികെ മെറ്റ എത്തിച്ചേർന്നു.

എവിടെയും, Ai മനുഷ്യന് ചിന്തിക്കാവുന്നതിലപ്പുറത്തേക്കും കടന്നെത്തിയിരിക്കുന്നു. കണ്ണുകൾ കൊണ്ട് വിശ്വസിക്കാൻ കഴിയാത്ത വിധം അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു ഈ മാറ്റങ്ങളുടെ കാലം. എ ഐ എന്ന പേരിൽ മനുഷ്യന്റെ ബുദ്ധിയെ അതിശയിപ്പിച്ചു കൊണ്ട് മനുഷ്യനിർമ്മിതബുദ്ധി ഏവരുടെയും വിരൽത്തുമ്പിൽ. എന്തിനും ഏതിനും ചിന്തകളിലൂടെ കണ്ടെത്താതെ നിർമിത ബുദ്ധിയെ സമീപിക്കുന്നു. അറിവുകൾ ആർജിക്കാനും,പങ്കുവെക്കാനും ഉപയോഗിക്കപ്പെടുന്നതിൽ തെറ്റില്ല. പക്ഷേ തുടർച്ചയായുള്ള ആശ്രയത്വം തന്നിലെ ആശയങ്ങളെ ഇല്ലാതാക്കും. ഉള്ളിൽ നിറഞ്ഞു നിൽക്കുന്ന സർഗാത്മകഥയെ പതിയെ പതിയെ തുടച്ചു മാറ്റും ഒടുവിൽ ചിന്തിക്കാനാവാതെ ചിന്തകൾ ചിതലെടുക്കും..

ബുദ്ധിയെ കൊന്നൊടുക്കാതെ വിവേകപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു. കാലം മാറിക്കോട്ടെ, കാലത്തിനൊപ്പം സാങ്കേതികവിദ്യകളും ഉയർന്നോട്ടെ, മാറാതെ നോക്കേണ്ടത് നമ്മുടെ ചിന്തകളാണ് ചിന്തിക്കാനുള്ള കഴിവിനെയാണ്, വെറും യന്ത്രങ്ങളാവാതെ, കൂർമ ബുദ്ധിയുള്ള

മനുഷ്യരായി കാലത്തിനൊപ്പം സഞ്ചരിക്കാം..




**കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ**

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ  മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ,  നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച്  മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന  ഓരോ ചെറിയ  വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര  മാതൃകയാവട്ടെ...

കുട്ടികളുടെ  മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ..  വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക...  ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ്  ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന  ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

കവിത

# മനുഷ്യർ

ചെറുപ്പം മുതലേ സുഹൃത്തുക്കൾ
ജീവിതമെന്തന്ന്
പഠിപ്പിച്ചവൻ
പണം കൊടുത്തു
അദ്യം കൂട്ടുകെട്ട് മുറിഞ്ഞു.
പണമെന്തെന്ന്
പഠിപ്പിച്ചവനെ പണം
വന്നാൽ മറക്കും
ആരെയും മനസ്സറിഞ്ഞു വിശ്വസിച്ചുകൂടാ..
പണം വന്നാൽ ബന്ധമില്ല
പണത്തിനു വേണ്ടി ബന്ധത്തെ തകർക്കാനും മറക്കില്ല
ഇതാണോ മനുഷ്യർ!
ഇങ്ങനെയാണോ മനുഷ്യർ ആകേണ്ടത്?
കാലന്റെ മുമ്പിൽ ഒരുപോലെയാണ്
കുബേരനും കുചേലനും

അശ്മിൽ വെള്ളലശ്ശേരി
9 ക്ലാസ് വിദ്യാർത്ഥി
Sign IAFS Koli vayal

# രക്ഷകരായ നായകൾ

ഒരിക്കൽ ഗോവി പശു ഭക്ഷണം തേടി നടന്നു. ആഹാരം കിട്ടാതെ അവൾക്ക് നല്ല ക്ഷീണമായി. കുറച്ചു ദൂരെ നല്ല പച്ച പുല്ല് കണ്ട് അങ്ങോട്ടേക്ക് നടന്നതും ചെളിയിൽ കാല് കുടുങ്ങി. അത് കണ്ട് നിക്കിയും ബ്രൗണിയും ബൗ ബൗ ന്ന് കുരച്ചു.ശബ്ദം കേട്ട് ആളുകൾ വന്ന് കയർ കെട്ടി അവളെ രക്ഷിച്ചു എന്നട്ട് നിറയെ പുല്ലു കൊടുത്തു. അവൾ നിക്കിയോടും ബ്രൗണിയോടും നന്ദി പറഞ്ഞു

ദിവിക് വർമ്മ സി.കെ
2nd Std
ANMMUPS തളി



ആരാധ്യ വർമ്മ സി.കെ
6th Std, ANMMUPS തളി



AHMAD NAEEM.
2.std, ചെറുവാഞ്ചേരി വെസ്റ്റ് എൽ പി സ്കൂൾ. കുത്തുപറമ്പ്






ആരോമൽ പി.എസ്, Std. 1.,
എസ്.എം.എൽ.പി സ്കൂൾ ചൂലിശ്ശേരി.



Joshwin N.J., I C,
St. Marys CBPS School Kottekkadu



ദ്വിവിക് വർമ്മ സി.കെ
2nd Std
ANMMUPS തളി

# ഒരു നിമിഷം

ഒരു നിമിഷം ഞാൻ
നിന്നുള്ളിലിരിക്കവെ
നിൻ മനസ്സിൽ
മന്ത്രിക്കും സ്വരമേതോ

ആരാധ്യ വർമ്മ സി.കെ
6th Std
ANMMUPS തളി



**മുഹമ്മദ് ഹാഷിർ**
7th Std.
AVSUP SCHOOL KOLATHARA



**സൗരവ് എം കെ,** 5 std
ശ്രീവ്യാസ വിദ്യാനികേതൻ
പുഴക്കര എരമംഗലം



**ശ്രീ ദയ**
8th Std
GHSS ചാത്തന്നൂർ



**Vaishnavi Renjith**, Class.10
International Indian School, Al Jubail, Saudi Arabia.

**വൈഷ്ണവ് ദേവ് കെ പി,**
Std. 4,
എസ് എം എൽ പി എസ്, ചൂലിശ്ശേരി




പുസ്തകപരിചയം

-ജോയി തോമസ്, പാറക്കുളങ്ങര

# ക്യാൻസർ ഞങ്ങൾക്ക് അനുഗ്രഹമായി

ലൂസി മാത്യു, എന്റെ ഭാര്യ. പതിനഞ്ചുവർഷം നീണ്ട ക്യാൻസർ പോരാട്ടത്തിനൊടുവിൽ 2020 ഓഗസ്റ്റ് 10-ന് അവൾ എന്നെവിട്ടു നിത്യതയിലേക്കു യാത്രയായി.

2005-ൽ അവൾക്കു വന്ന സ്തനാർബുദം ജീവിതത്തിൽ വലിയ കൊടുങ്കാറ്റാകുമെന്നു ഭയന്നെങ്കിലും ചികിത്സിച്ചു ഭേദമാക്കാൻ സാധിച്ചു. ക്യാൻസർ ഭീതിയെന്ന ആ കൊടുങ്കാറ്റിൽ




ആടിയുലഞ്ഞ ജീവിതനൗക സാവധാനം സാധാരണ നിലയിലേക്കു മടങ്ങുകയും ചെയ്തു. സന്തോഷകരമായ ജീവിതം ശാന്തമായി മുന്നോട്ടു നീങ്ങുന്നതിനിടെയാണ് 2014-ൽ അശനിപാതംപോലെ അണ്ഡാശയ ക്യാൻസർ 'ഞങ്ങളെത്തേടി' എത്തിയത്. തുടർന്നുള്ള ആറു വർഷം ഒരു സിംഹിയെപ്പോലെ ക്യാൻസറിനോടു പൊരുതിനിന്നെങ്കിലും അവസാനം അവൾ ശാന്തയായി നിത്യതയിലേക്കു കടന്നുപോയി.

സ്തനാർബുദചികിത്സ പൂർത്തിയായിക്കഴിഞ്ഞാണു ക്യാൻസർ അനുഭവങ്ങൾ പുസ്തകമാക്കണമെന്ന ആലോചന ഉണ്ടായത്. ചികിത്സ കഴിഞ്ഞു പത്തുവർഷം പൂർത്തിയാക്കാൻ സാധിച്ചാൽ, അപ്പോൾ പുസ്തകം പ്രസിദ്ധീകരിക്കുകയായിരുന്നു ലക്ഷ്യം. എന്നാൽ, പത്തുവർഷം തികയുന്നതിനു മാസങ്ങൾ മുമ്പ്, അവൾ മറ്റൊരു ക്യാൻസറിന് ഇരയായതിനാൽ തുടക്കത്തിൽ പദ്ധതിയിട്ടതുപോലെ കുറിപ്പുകൾ പുസ്തകമാക്കാൻ സാധിച്ചില്ല. പല നാളുകളിലായി അവൾ ഒരു ഡയറിയിലും രണ്ടു നോട്ടുബുക്കുകളിലുമായി കുറിച്ചുവച്ച ഓർമകളാണ് ഈ പുസ്തകത്തിനാധാരം. 2007 ജനുവരിയിലാണു കുറിപ്പെ



ഴുതാൻ തുടങ്ങിയത്.

ആദ്യചികിത്സയുടെ വിവരണങ്ങൾ കഴിഞ്ഞുള്ള കുറേ കുറിപ്പുകളിൽ ക്യാൻസർ രോഗവുമായി ബന്ധപ്പെട്ട കാര്യങ്ങളില്ല. ക്യാൻസർ രോഗിയായ ഒരാൾ നിത്യജീവിതത്തിൽ നേരിടുന്ന വ്യത്യസ്തമായ അനുഭവങ്ങളെ ക്യാൻസർ അതിജീവിതയുടെ വീക്ഷണത്തിൽ വിശകലനം ചെയ്യുകയാണ്. ദൈവവിശ്വാസം, ജീവിതത്തിന്റെ ലക്ഷ്യം, സഹനം തുടങ്ങിയ വിഷയങ്ങളിലേക്കു ശാസ്ത്രം, തത്വശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങിയ വീക്ഷണങ്ങളിലൂടെ എത്തിനോക്കുകയാണ്. രണ്ടാമതു ക്യാൻസർ വന്നതിനുശേഷമുള്ള കുറിപ്പുകൾ ഹ്രസ്വമാണ്. വിശദമാക്കി എഴുതേണ്ട കാര്യങ്ങളെക്കുറിച്ചുള്ള സൂചനക

ളാണവ.

2018 ജൂലൈയിൽ കുറിപ്പു തയാറാക്കിയതിനുശേഷം കുറേക്കാലത്തേക്കു പുസ്തകത്തെക്കുറിച്ച് അവൾ സൂചിപ്പിച്ചിട്ടേയില്ല. എന്നാൽ, വീണ്ടും രോഗം നിയന്ത്രണവിധേയമായപ്പോൾ പുസ്തകത്തിൽ ചേർക്കാനായി ചില ചിന്തകൾ കുറിച്ചുവച്ചു. ഞങ്ങളുടെ മൂത്തമകൾ ലിസിന്റെ ആദ്യപ്രസവത്തിനു മുമ്പാണ് അവസാനമായി അവൾ എഴുതിയത്. ഒന്നര-രണ്ടു വർഷം വരെ ആയുസ് നീട്ടിക്കിട്ടാൻ ഫലപ്രദമായ ചികിത്സയാകുമെന്നു പ്രതീക്ഷിച്ച മരുന്നും ഫലം ചെയ്യുന്നില്ലെന്നു ബോധ്യമാകുന്നതുവരെ ചിലപ്പോഴൊക്കെ ചില കാര്യങ്ങൾ എന്നോടു സൂചിപ്പിച്ചിരുന്നു.

ഞാൻ അവസാനമായി അവളോടു പുസ്തകത്തെക്കുറിച്ചു സൂചിപ്പിച്ചത് 2019 അവസാനമാണ്. 'ഞാൻ ജീവിച്ചിരിക്കുമ്പോൾ ഈ പുസ്തകം പുറത്തിറങ്ങില്ല. ബാക്കി ഭാഗം, വേണമെങ്കിൽ എഴുതിച്ചേർത്തോളൂ. മനുഷ്യരെ പേടിപ്പിക്കുന്ന കാര്യങ്ങളൊന്നും എഴുതരുത്. നമുക്ക് ക്യാൻസർ ശാപമാണെന്നു ഞാൻ കരുതുന്നില്ല. ഒരർഥത്തിൽ ചിന്തിച്ചാൽ, നമുക്കു ക്യാൻസർ ദൈവാനുഗ്രഹമല്ലേ?' - അവൾ പറഞ്ഞ് അവസാനിപ്പിച്ചത് അങ്ങനെയായിരുന്നു. അതെ, എന്റെ പ്രിയപ്പെട്ടവളുടെ ആ വാക്കുകൾ തന്നെയാണു പുസ്തകത്തിനു പേര്-**'ക്യാൻസർ ഞങ്ങൾക്ക് അനുഗ്രഹമായി.'**

അവൾ കുറിപ്പ് അവസാനിപ്പിച്ചു കഴിഞ്ഞുള്ള കാര്യങ്ങൾ, എന്റെയും മക്കളുടെയും ഓർമയിൽനിന്നു ചികഞ്ഞെടുത്തിട്ടുള്ളതാണ്. 2005 സെപ്റ്റംബർ നാലു മുതൽ 2020 ഓഗസ്റ്റ് 10 വരെ നീണ്ട ക്യാൻസർ പോരാട്ട കാലഘട്ടത്തിലുണ്ടായ സംഭവങ്ങൾ പല അധ്യായങ്ങളിലും കലണ്ടർ ക്രമത്തിലല്ല ഉൾപ്പെടുത്തിയിട്ടുള്ളത്. വർഷങ്ങളുടെ ഇടവേളകളിൽ തയാറാക്കിയ കുറിപ്പുകൾ ആശയത്തുടർച്ചയ്ക്കു യോജ്യമായ വിധത്തിൽ പല അധ്യായങ്ങളിലും കൂട്ടിച്ചേർത്തിട്ടുണ്ട്. ഒരേ വിഷയവുമായി ബന്ധപ്പെട്ടു പല ഭാഗങ്ങളിലായി കുറിച്ചിട്ടുള്ള ആശയങ്ങൾ ആവുന്നത്ര ഒരേ അധ്യായത്തിലാക്കിയാണ് ഈ പുസ്തകത്തിന്റെ എഡിറ്റിംഗ് നിർവഹിച്ചിട്ടുള്ളത്. കുറിപ്പിൽ ചില ഭാഗങ്ങളിലുണ്ടായിരുന്ന വ്യക്തിപരമായ പരാമർശങ്ങളും ആവർത്തനങ്ങളും പരമാവധി ഒഴിവാക്കിയിട്ടുണ്ട്.

ഉടൻ മരണകാരണമാകാത്ത ക്യാൻസർ മുതലായ രോഗങ്ങൾ ബാധിക്കുന്നവരുടെ ശിഷ്ടജീവിതം എങ്ങനെയാകും? ശാരീരികാരോഗ്യം കുറഞ്ഞുകുറഞ്ഞു വരാനാണു സാധ്യത. എന്നാൽ, ജീവിതം കൂടുതൽ മോശമാകുകയോ മെച്ചപ്പെടുകയോ ചെയ്യാം. ജീവിതാന്ത്യത്തിൽ മിന്നൽപ്പിണർപോലെ കണ്ണഞ്ചിക്കുന്ന ശോഭപരത്തി കടന്നുപോകാൻ അത്തരം രോഗികൾക്ക് അവസരമുണ്ട്. ഓരോരുത്തരും രോഗത്തെ എങ്ങനെ സമീപിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുമത്. എന്റെയാൾ ക്യാൻസർ എന്ന യാഥാർഥ്യത്തെ അംഗീകരിച്ചു സന്തോഷത്തോടെയും ഫലപ്രദമായും ജീവിതം നയിക്കാൻ നടത്തിയ ശ്രമങ്ങളുടെ വിവരണമാണ് ഈ പുസ്തകത്തിലുള്ളത്. ക്യാൻസർ രോഗികൾക്കു രോഗം ഭേദമാകുമെന്ന അമിത ആത്മവിശ്വാസം നൽകുക ഈ പുസ്തകത്തിന്റെ ലക്ഷ്യമേ അല്ല. രോഗം ഭേദമാകാം; ചിലപ്പോൾ, വീണ്ടും വരാം. ക്യാൻസർ രോഗിയെന്ന നിലയിൽ നേരിടേണ്ടിവരുന്ന ആത്മീയ, ശാരീരിക, വൈകാരിക, സാമൂഹിക പ്രശ്നങ്ങൾക്ക് അല്പം ആശ്വാസമാകാൻ ചിലർക്കെങ്കിലും പ്രയോജനപ്രദമാകുമെന്ന പ്രത്യാശയാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ ഞങ്ങളെ പ്രേരിപ്പിക്കുന്നത്. ക്യാൻസർ ചികിത്സാരീതികൾ സംബന്ധിച്ചോ മരുന്നുകൾ സംബന്ധിച്ചോ എന്തെങ്കിലും പൊതുവിജ്ഞാനമോ ഉപദേശമോ നൽകുകയെന്ന ലക്ഷ്യവും ഈ പുസ്തകത്തിനില്ല.

ക്യാൻസർ അതിജീവന വിവരണം എന്ന നിലയിലാണ് ആദ്യകാലത്ത് ലൂസി കുറിപ്പുകൾ തയാറാക്കിയത്. ദൈവം ഇല്ലെന്നു ശാസ്ത്രം തെളിയിച്ചോ എന്ന ചോദ്യത്തിനുള്ള വിശദമായ വിവരണങ്ങൾ കുറിപ്പുകളിലുണ്ട്. എന്നാൽ, ശാസ്ത്രലേഖനം പോലുള്ള ആ കുറിപ്പുകളിലെ വളരെ ചെറിയ ഭാഗം മാത്രമേ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ (അധ്യായം 4).

അവളുടെ മരണത്തിനു ശേഷമാണ് എന്റെ തുടർജീവിതത്തിന്റെ ഏടുകൾകൂടി പുസ്തകത്തിൽ ഉൾപ്പെടുത്തണമെന്നു തോന്നിയത്. വിഭാര്യനായി ഒറ്റയ്ക്കു കഴിയുന്ന ഓരോരുത്തരുടെയും സാഹചര്യം വ്യത്യസ്തമാണ്. എന്റെ പ്രായം ഭൗതിക സാഹചര്യങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് എന്റെ ചിന്താഗതികളും തീരുമാനങ്ങളും. എന്റെ നിലപാടുകളും ചിന്തകളും മറ്റൊരാൾക്ക് ഉചിതമാകണമെന്നില്ല.

ഓരോരുത്തരുടെയും കാര്യത്തിൽ അനിവാ

ര്യമായ യാഥാർഥ്യമാണു മരണം. എന്നാൽ ഈ അനിവാര്യതയെ പരവതാനിക്കടിയിൽ മൂടിവയ്ക്കുന്ന സംസ്കാരമാണു നമുക്കുള്ളത്. ഒരിക്കലും മരിക്കാത്തവരെപ്പോലെയാണു നാം ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്നത്. ദൈവവിശ്വാസമുണ്ടെന്ന് അവകാശപ്പെടുമ്പോഴും, മനുഷ്യരെ സംബന്ധിച്ച ദൈവികപദ്ധതിയിലെ അനിവാര്യതയായ മരണത്തെ സമചിത്തതയോടെ സമീപിക്കാൻ എത്രപേർക്കു സാധിക്കുന്നുണ്ട്? ഭൗതികമായ എന്തെങ്കിലും കാര്യത്തിനു ദൈവസ്ഥാനം കൽപ്പിച്ചുകൊണ്ടുള്ള നെട്ടോട്ടമാണ് ഒട്ടുമിക്കവരുടെയും ജീവിതം. ദൈവത്തിൽ വിശ്വസിക്കുന്നവർക്കു പ്രത്യാശയിലേക്കുള്ള



കടന്നുപോക്കാണു മരണം. ആ യാഥാർഥ്യം ഉൾക്കൊണ്ടു സ്വന്തം ഓട്ടം പൂർത്തിയാക്കാൻ ഓരോരുത്തരും നിർബന്ധിതരാണ് എന്ന ഓർമപ്പെടുത്തലുമാണ് ഈ പുസ്തകം.

ഭൗതികമായി മാത്രം ചിന്തിച്ചാൽ ഒരാളുടെ മരണത്തിനു കാരണമായ ക്യാൻസർ അനുഗ്രഹമായി എന്നു പറയാൻ സാധിക്കില്ലെന്നു തീർച്ച. ദൈവസ്നേഹത്തെപ്രതി സഹനം ചോദിച്ചുവാങ്ങുന്നത്ര വിശുദ്ധജീവിതം നയിച്ചവരല്ല ഞങ്ങൾ. ക്യാൻസർ വന്നപ്പോൾ സാധാരണ മനുഷ്യർക്കുണ്ടാകുന്ന വികാരങ്ങളും ചിന്തകളുമാണു ഞങ്ങൾക്കുമുണ്ടായത്. എന്നാൽ, ക്യാൻസർ മൂലം സാവധാനം ചിന്താരീതിയിലുണ്ടായ മാറ്റം ദൈവവിശ്വാസത്തിൽ കൂടുതൽ ആഴപ്പെടാനും, ജീവിതത്തെയും മരണത്തെയും യാഥാർഥ്യബോധത്തോടെ നോക്കിക്കാണാൻ അവസരമുണ്ടായതുമാണ് അനുഗ്രഹമായി ഞങ്ങൾ കണക്കാക്കുന്നത്. ക്യാൻസർ വന്നിരുന്നില്ലെങ്കിൽ, ചിന്താരീതിയിൽ ഇത്തരത്തിലുള്ള മാറ്റമുണ്ടാകാനുള്ള സാധ്യത കുറവായിരുന്നു എന്നും ഞങ്ങൾ കരുതുന്നു.

●

# ക്യാൻസർ എങ്ങനെയാണ് അനുഗ്രഹമാകുക



**ഡോ. വരുൺ രാജൻ**
Consultant Medical Oncologist
(Medical Trust Hospital, Ernakulam & Marian Medical Centre, Pala)

***Yes, we are blessed with cancer***
*(ക്യാൻസർ ഞങ്ങൾക്ക് അനുഗ്രഹമായി)*

ഈ തലക്കെട്ടു വായിക്കുമ്പോൾ എന്തായിരിക്കും ഒരാളുടെ മനസ്സിൽ ഓടിയെത്തുക? ക്യാൻസർ എന്ന രോഗം എങ്ങനെയാണ് അനുഗ്രഹമായി മാറുക?

ക്യാൻസർ രോഗത്തെ അതിജീവിച്ചവർ തയാറാക്കിയ കുറിപ്പുകളും അനുഭവങ്ങളും കഥകളും ധാരാളം വായിക്കാനുള്ള അവസരമുണ്ടായിട്ടുണ്ട്. പക്ഷേ, ഈ പുസ്തകം നമ്മെ മറ്റൊരു തലത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു, യാഥാർഥ്യബോധത്തിന്റെ, ശാസ്ത്രബോധത്തിന്റെ, ആത്മീയതയുടെ മറ്റൊരു തലം. സാധാരണക്കാരിയായ ഒരു സ്ത്രീ, അവർ നേരിടേണ്ടിവന്ന സഹനങ്ങളെ ആത്മീയ-ഭൗതിക വളർച്ചയ്ക്കു ഹേതുവാക്കി, അതുവഴി ആർജിച്ച ആന്തരികസമാധാനം മറ്റുള്ളവരിലേക്കു പ്രസരിപ്പിക്കാൻ ശ്രമിച്ചു ശാന്തയായി നിത്യതയിലേക്കു കടന്നുപോയതിന്റെ ശോകപൂരിതമായ വിവരണമാണ് ഇതിലുള്ളത്. ഡോ. ലൂസി മാത്യു എന്ന ആ ധീരവനിത, അവരുടെ ഭർത്താവ് ജോയി തോമസ്, രണ്ടു മക്കൾ (ലിസും തൊമ്മനും), അവരുടെ ചെറുത്തുനിൽപ്പിന്റെ, പോരാട്ടത്തിന്റെ, സഹനത്തിന്റെ, സ്നേഹക്കൂട്ടായ്മയുടെ ആകെത്തുകയാണ് ഈ പുസ്തകം.

ആദ്യം സ്തനാർബുദം പിടിപെട്ടപ്പോൾ മറ്റേതൊരാൾക്കും ഉണ്ടാകുന്ന അതേ വികാരങ്ങൾതന്നെയാണ് ഈ കുടുംബത്തിനുമുണ്ടായത്. മാരകരോഗം ബാധിച്ചവർ കടന്നുപോകുന്ന വൈകാരിക തലങ്ങളെക്കുറിച്ചു ഡോ. എലിസബത്ത് കൂബ്ലർ റോസ് 'ഓൺ ഡെത്ത് ആൻഡ് ഡൈയിങ്' എന്ന പുസ്തകത്തിൽ വിവരിക്കുന്ന എല്ലാ ഘട്ടങ്ങളിലൂടെയും ഈ കുടുംബം കടന്നു പോകുന്നുണ്ട്. ആദ്യക്യാൻസറുണ്ടാക്കിയ നടുക്കവും ഭയവും നിരാശയുമെല്ലാം അടിയുറച്ച ഈശ്വരവിശ്വാസവും പ്രത്യാശയും കുടുംബത്തിന്റെ കരുതലുംകൊണ്ടു വളരെ പെട്ടെന്നു മറികടക്കാൻ അവർക്കു കഴിഞ്ഞു.

എങ്കിലും എങ്ങനെയാണു ക്യാൻസർ ഒരനുഗ്രഹമായി എന്നു പറയാൻ സാധിക്കുക? ആദ്യക്യാൻസർ മനസ്സിൽ ബാക്കിവച്ച സംശയങ്ങളെക്കുറിച്ചുള്ള അന്വേഷണം നൽകിയ തിരിച്ചറിവുകൾ ഡോ. ലൂസി മാത്യുവിനെ ആത്മീയതയുടെ ആഴങ്ങളിലേക്കു കൂട്ടിക്കൊണ്ടു പോയി.

ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ മാറ്റമുണ്ടായെങ്കിലും സാത്വികഭാവത്തിൽ ജീവിതത്തിൽനിന്ന് ഒളിച്ചോടുകയല്ല പിന്നീടവർ ചെയ്തത്. എന്തുകൊണ്ടു ക്യാൻസർ വന്നു എന്ന ഉത്തരമില്ലാത്ത ചോദ്യത്തിന് ഉത്തരം തേടി നിരാശപ്പെടാതെ, ഇനി എന്തു ചെയ്യാൻ സാധിക്കുമെന്ന ചിന്തയാണ് അവരുടെ ജീവിതത്തെ മുന്നോട്ടു നയിച്ചത്. ക്യാൻസർ രോഗം വന്നു ഭേദമായവരിൽ ഭൂരി



ഭാഗവും താൻ ഒരിക്കൽ ഒരു രോഗിയായിരുന്നു

എന്ന സത്യവും ആ രോഗത്തോടു പോരാടി വിജയിച്ചതാണെന്ന കാര്യവും മറച്ചുവയ്ക്കാനാണു ശ്രമിക്കാറ്. മിക്കവരും തന്നിലേക്ക് ഒതുങ്ങുകയാണു ചെയ്യുന്നത്. തനിക്കു കിട്ടിയ വിജയവും അനുഗ്രഹവും മറ്റുള്ളവർക്കുകൂടി പ്രയോജനപ്രദമാകുന്ന രീതിയിൽ ഉപയോഗിക്കാൻ മുന്നോട്ടു വരാറുമില്ല. ഇവിടെയാണു ഡോ. ലൂസി മാത്യു വ്യത്യസ്തയാകുന്നത്. ക്യാൻസർ മുക്തയായപ്പോൾ അവർ ആദ്യം ചെയ്തതു സ്തനാർബുദത്തെക്കുറിച്ചു സാധാരണക്കാർക്ക് ഉപകരിക്കുന്ന ഒരു പുസ്തകം എഴുതുകയായിരുന്നു. ആദ്യ ക്യാൻസർ ഭേദപ്പെട്ടശേഷം ഗവേഷണം പൂർത്തിയാക്കി പിഎച്ച്ഡി കരസ്ഥമാക്കാനും കോളജിലെ ഉത്തരവാദിത്വങ്ങളെല്ലാം നല്ല നിലയിൽ നിർവഹിക്കാനും അവർക്കായി.

ഇനി ഒരിക്കലും ക്യാൻസർ തിരിച്ചുവരില്ലെന്ന വിശ്വാസത്തിൽ സന്തോഷത്തോടെ ജീവിതം നയിക്കുമ്പോഴാണ്, വർഷങ്ങൾക്കു ശേഷം മറ്റൊരു ക്യാൻസർ അവർക്കു പിടിപെടുന്നത്. എന്നാൽ, ഈ കാലമായപ്പോഴേക്കും ക്യാൻസർ എന്ന അസുഖം ലൂസി മാത്യു എന്ന വ്യക്തിയെ ഒരുപാടു മാറ്റിക്കഴിഞ്ഞിരുന്നു. ആത്മീയമായി അവർ വളരെ കരുത്താർജിച്ചിരുന്നു. ദൈവത്തിലും ദൈവഹിതത്തിലുമുള്ള തിരിച്ചറിവുകൾ, സഹനത്തെക്കുറിച്ചുള്ള തിരിച്ചറിവുകൾ നൽകിയ ബോധ്യങ്ങൾ, ജീവിതത്തിന്റെ നശ്വരതയെക്കുറിച്ചുള്ള ബോധ്യങ്ങൾ... അങ്ങനെ പലതും അവരെ മറ്റൊരു സ്ത്രീയായി മാറ്റിയിരുന്നു. തളരാതെ പോരാടാൻ, ജീവിതത്തെ ഔന്നത്യത്തോടെ വീക്ഷിക്കാൻ, യാഥാർഥ്യത്തെ ഉൾക്കൊള്ളാൻ അവരുടെ മനസ്സ് എന്നേ പ്രാപ്തമായിക്കഴിഞ്ഞിരുന്നു.

ആത്മീയതയിൽ ആഴപ്പെടുകയും മരണമെന്ന യാഥാർഥ്യത്തെ മാനസ്സികമായി അംഗീകരിക്കുകയും ചെയ്തിട്ടും ആധുനിക ചികിത്സയിലുള്ള വിശ്വാസം നഷ്ടപ്പെട്ടില്ല ഈ കുടുംബത്തിന്, പ്രത്യാശ കൈവിട്ടുമില്ല. മനുഷ്യസാധ്യമായ എല്ലാ ചികിത്സകളും ലഭ്യക്കാൻ അവർ പരിശ്രമിച്ചു. എല്ലാ ചികിത്സയുമായും ലൂസി മാഡം സന്തോഷത്തോടെ സഹകരിച്ചു. പ്രതിസന്ധികൾ നെയ്തെടുത്ത ഇഴപിരിയാത്ത ശക്തമായ കുടുംബബന്ധവും സ്നേഹവും അവർക്കു കരുത്തായി കൂടെയുണ്ടായിരുന്നു.

ക്യാൻസർ ആവർത്തിച്ചു തലപൊക്കിയപ്പോഴൊക്കെ, മനുഷ്യസഹജമായ ആശങ്കകളും ഭീതിയും അവർക്കുമുണ്ടായി. എന്നാൽ, വ്യാജചികിത്സയുടെയോ 'ഒറ്റമൂലി തട്ടിപ്പുകൾക്കു' പിറകെയോ അവർ പോയില്ല. വീണ്ടും വീണ്ടും തിരിച്ചടികൾ നേരിട്ടപ്പോഴും അവർ പതറിയില്ല. സമചിത്തതയും ആത്മീയതയും പ്രത്യാശയുമായിരുന്നു കൈമുതൽ.

ജീവിതത്തെ യാഥാർഥ്യബോധത്തോടെ ഉൾക്കൊള്ളാൻ, തന്നിലെ പോരായ്മകൾ തിരിച്ചറിയാൻ, അവ തിരുത്താൻ, ആവുന്ന വിധമൊക്കെ സ്വന്തം ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കാൻ, മരണഭയത്തിൽനിന്നു മോചിതയാകാൻ... അവസാനം 'എന്റെയാൾ കരയരുത്' എന്നു ഭർത്താവിനെ ഉപദേശിച്ചു, ശാന്തയായി സ്വന്തം ജീവൻ ദൈവസന്നിധിയിൽ അർപ്പിക്കാൻ അവസരമുണ്ടാകുന്നത് ഒരാൾക്ക് അനുഗ്രഹമല്ലെങ്കിൽ പിന്നെന്താണ്? ആ അവസരം മാരകമായ ക്യാൻസർ ആണെങ്കിൽ പോലും. മരണമെന്ന അനിവാര്യമായ യാഥാർഥ്യത്തെ സമചിത്തതയോടെ നേരിടാൻ നമുക്കു സാധിക്കുമോ? ഈയൊരു വലിയ ചോദ്യവും അതിനുള്ള ഉത്തരവുമാണു ലൂസി മാത്യു തന്റെ ജീവിതത്തിലൂടെ നമുക്കു മുൻപിൽ അനാവൃതമാക്കുന്നത്.

ലൂസി മാഡം അവരുടെ അവസാന നാളുകളിൽ എത്തിച്ചേർന്ന മാനസ്സികാവസ്ഥയിലേക്കു മക്കളും ഭർത്താവും എത്തിച്ചേർന്നോ എന്നു പുസ്തകത്തിൽനിന്നു വ്യക്തമല്ല. എന്നാൽ, വേദനാജനകമെങ്കിലും യാഥാർഥ്യം അംഗീകരിക്കുന്ന മാനസ്സികാവസ്ഥയിലേക്ക് അവരുടെ ഭർത്താവ് എത്തിച്ചേരുന്നതിന്റെ സൂചനകളാണ് അവസാന അധ്യായങ്ങളിലുള്ളത്. ലൂസി മാത്യു മാഡത്തെ അവരുടെ ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ ചികിത്സിക്കാൻ സാധിച്ചത് എന്റെ ഭാഗ്യമായി ഞാൻ കരുതുന്നു. ചെറുപുഞ്ചിരിയോടെ അല്ലാതെ മാഡത്തെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അസുഖത്തെപ്പറ്റി വളരെ മോശമായ വാർത്തകൾ ഞാൻ അറിയിക്കുമ്പോഴും ആ മുഖത്തു നിരാശയോ ദുഃഖമോ ഞാൻ കണ്ടിട്ടില്ല. ആ ധീരവനിതയോടുള്ള ബഹുമാനം ഉള്ളിൽ സൂക്ഷിച്ചതുകൊണ്ടാകാം, അവരുടെ അവസാന നാളുകളിൽ മറ്റൊരാശുപത്രിയിൽ കിടക്കുമ്പോഴും അവിടെ പോയി സന്ദർശിക്കാൻ എന്റെ മനസ്സ് തോന്നിച്ചത്.

ശ്രീമതി ലൂസി മാത്യുവിന്റെ മരണത്തിനു വർഷങ്ങൾക്കു ശേഷം അവരുടെ ഭർത്താവ് ശ്രീ. ജോയി തോമസ് ഈ പുസ്തകം പൂർത്തിയാക്കുമ്പോൾ ഇതൊരു ക്യാൻസർ രോഗിയുടെ കുറിപ്പുകൾ എന്നതിലുപരി ജീവിതത്തെപ്പറ്റിയുള്ള ഉന്നതമൂല്യങ്ങളും ദർശനങ്ങളും വായനക്കാരുമായി പങ്കുവയ്ക്കുകയാണു ചെയ്യുന്നത്.

ഇതൊരു ലൈഫ് ലെസൺ ശ്രേണിയിൽ പെടുത്തേണ്ട പുസ്തകമായാണ് എനിക്കനുഭവപ്പെട്ടത്. ഒട്ടൊരു നൊമ്പരത്തോടെയും വിങ്ങലോടെയുമല്ലാതെ ആർക്കും ഈ പുസ്തകം വായിച്ചുതീർക്കാനാവില്ലെന്നു തീർച്ച. വായനയ്ക്കൊടുവിൽ നാമെത്തുന്നതു ജീവിതത്തിന്റെ പരുപരുത്ത യാഥാർഥ്യങ്ങളിലേക്കും അവയെ നേരിടാനുള്ള മനഃസ്ഥൈര്യത്തിലേക്കുമാണ്. ●